യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 04 - 2018

വാല്യം 14 ലക്കം: 04 ഏപ്രിൽ 2018 Price Rs. 10/- Annual Subscription RS. 100/-

# യുഗാന്ത്യസന്ദേശം മെഗാ ബൈബിൾ ക്വിസ്

## അവാർഡുകൾ വിതരണം ചെയ്തു



ഡോ. സണ്ണി ആൻഡ്രൂസിനെയും സിസ്റ്റർ സൂസൻ ആൻഡ്രൂസിനെയും സ്റ്റേറ്റ് ഓവർസീയർ റവ. സി.സി. തോമസ് ഫലകം നല്കി ആദരിക്കുന്നു.

**തിരുവല്ല:** 2016 ഫെബ്രുവരി മുതൽ യുഗാന്ത്യസന്ദേശം പത്രത്തിൽ ആരംഭിച്ച മെഗാ ബൈബിൾ ക്വിസ് വിജയികൾക്ക് അവാർഡുകൾ നൽകി ആദരിച്ചു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ റവ. സി. സി. തോമസ് സമ്മേളനത്തിൽ മുഖ്യ അതിഥി ആയിരുന്നു. എബനേസർ ബൈബിൾ കോളേജ് (കുവൈറ്റ്) ഡയറക്ടർ ഡോ. സണ്ണി ആൻഡ്രൂസ് മുഖ്യ സന്ദേശം നൽകി. യുഗാന്ത്യസന്ദേശം ചീഫ് എഡിറ്റർ ഡോ. ഷിബു കെ. മാത്യു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ സൂസൻ ആൻഡ്രൂസ്, ബ്രദർ മാത്യൂസ് ഏബ്രഹാം മാങ്കുളങ്ങര, പാസ്റ്റർ രാജു ജോസഫ് എന്നിവർ ആശംസകൾ അറിയിച്ചു. യുഗാന്ത്യസന്ദേശം മാനേജർ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ സമ്മേളനത്തിന് നേതൃത്വം കൊടുത്തു.

രണ്ട് വർഷമായി നടന്ന മെഗാ ബൈബിൾ ക്വിസിന് സിസ്റ്റർ സൂസൻ ആൻഡ്രൂസ് (കുവൈറ്റ്) നേതൃത്വം കൊടുത്തു. സിസ്റ്റർ എലിസബേത്ത് ജെസ്‌വിൻ (തിരുവല്ല) ഒന്നാം സ്ഥാനവും, സിസ്റ്റർ ലീലാമ്മ ജോസഫ് (കവിയൂർ) രണ്ടാം സ്ഥാനവും, സിസ്റ്റർ ആലീസ് ജോയി (ഐരാണിക്കുടി) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. അവാർഡുകൾക്ക് തെരഞ്ഞെടുക്കപ്പെട്ട ലീനാ സണ്ണി (കോവളം), ദീനാ സിജു (മാമലശേരി), പിങ്കി സ്റ്റാൻലി (പനംതോപ്പ്), അന്നമ്മ കെ.വി. (കുരിയിച്ചിറ), ഡെൻസി തോമസ് (പൂവൻമല), ഷീബാ സത്യപാൽ (കോവളം), സാറാമ്മ പാട്രിക് (പറങ്ങോട്) എന്നിവരെയും അവാർഡുകൾ നൽകി ആദരിച്ചു. ചർച്ച് ഓഫ് ഗോഡ് തിരുവല്ല സിറ്റി ചർച്ചിൽ വച്ച് നടന്ന സമ്മേളനത്തിൽ എബനേസർ ബൈബിൾ കോളേജ് (കുവൈറ്റ്) ഡയറക്ടർ ഡോ. സണ്ണി ആൻഡ്രൂസിനെയും സിസ്റ്റർ സൂസൻ ആൻഡ്രൂസിനെയും പ്രത്യേക ഫലകം നൽകി യുഗാന്ത്യസന്ദേശം ആദരിച്ചു.

# അമേരിക്കൻ സൈന്യം ഗൾഫ് വിടാൻ ഒരുങ്ങുന്നു; മിഡിൽ ഈസ്റ്റ് ആശങ്കയിൽ



**ദോഹ/തുർക്കി:** അമേരിക്കൻ സൈന്യം തങ്ങളുടെ ഗൾഫിലെ ചില താവളങ്ങൾ വിടാൻ ഒരുങ്ങുന്നു എന്ന വാർത്ത ഈ മേഖലയെ ആശങ്കയിൽ ആഴ്ത്തിയിരിക്കുകയാണ്. ഈ പ്രദേശങ്ങളിലെ ഏറ്റവും വലിയ അമേരിക്കൻ സൈനീക താവളം ഖത്തറിലാണ്. 15000 ത്തോളം അമേരിക്കൻ സൈനീകർ ഈ താവളത്തിലുണ്ട്. തങ്ങളുടെ രാജ്യത്തിന്റെ സുരക്ഷശക്തമാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്രയും വലിയ ഒരു താവളത്തിന് ഖത്തർ അനുമതിനൽകിയത്. എന്നാൽ ഈ താവളം അമേരിക്ക വിടുന്നു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. മാത്രമല്ല തുർക്കിയിലെ താവളവും അമേരിക്ക വിടാൻ ഒരുങ്ങുന്നു എന്ന വാർത്ത പുറത്തുവന്നിരിക്കുകയാണ്. അറബ് ലോകത്തിന്റെ ഭിന്നതയാണ് അമേരിക്കയെ ഇങ്ങനൊരു തീരുമാനത്തിലേക്ക് നയിക്കുന്നത് എന്നാണ് സൂചന.

ഗൾഫ് മേഖല തീവ്രവാദ ഭീഷണി നേരിടുന്ന സ്ഥലമാണ്. ഭീകരതക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായാണ് അമേരിക്ക ഗൾഫിലെ മിക്ക മേഖലകളിലും തങ്ങളുടെ സൈന്യത്തെ വിന്യസിപ്പിച്ചിരിക്കുന്നത്. ഇറാക്കിൽ ഉൾപ്പെടെ ഭീകരർക്കെതിരെ അമേരിക്ക യുദ്ധം ചെയ്യുന്നത് ഗൾഫിലെ തങ്ങളുടെ താവളങ്ങളിൽ നിന്നാണ്. അമേരിക്ക ഗൾഫിലെ തങ്ങളുടെ താവളങ്ങൾ നിറുത്തൽ ചെയ്താൽ അത് ഈ പ്രദേശങ്ങളിൽ ഭീകരാക്രമണങ്ങൾ വർദ്ധിക്കുവാൻ സാധ്യതയുണ്ടെന്ന് പറയപ്പെടുന്നു. മാത്രമല്ല ഈ പ്രദേശങ്ങളെ നോട്ടമിട്ടിരിക്കുന്ന ഇറാനെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെ പിൻമാറ്റം അഹ്ളാദിക്കുവാനുള്ള വകയാണ്.

# അസംബ്ലീസ് ഓഫ് ഗോഡ്

## പാസ്റ്റർ പി.എസ്. ഫിലിപ്പ് സൂപ്രണ്ട്



പാ. പി.എസ്. ഫിലിപ്പ്.



പാ. ഐസക്ക് വി. മാത്യു



പാ. റ്റി. വി. പൗലോസ്



പാ. എ. രാജൻ



പാ. എം.എ. ഫിലിപ്പ്

**പുനലൂർ** : അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കോൺഫറൻസ് പുനലൂരിൽ സഭാ ആസ്ഥാനത്തുവച്ച് നടന്നു. അടുത്ത ടേമിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

സൂപ്രണ്ടായി പാസ്റ്റർ പി.എസ്. ഫിലിപ്പ്. അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ ഐസക് വി. മാത്യു, സെക്രട്ടറി പാസ്റ്റർ റ്റി.വി. പൗലോസ്, ട്രഷറർ പാസ്റ്റർ എ. രാജൻ, പാസ്റ്റർ എം.എ. ഫിലിപ്പ് കമ്മറ്റിയംഗം എന്നിവരെ തെരഞ്ഞെടുത്തു. ഏ.ജി സഭകളുടെ പ്രവർത്തനം മുൻകാലങ്ങളേക്കാൾ വർദ്ധിച്ചു വരുന്നതായി ഓഫീസ് വൃത്തങ്ങൾ പറയുന്നു.

**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

**യുഗാന്ത്യസന്ദേശം പത്രത്തിന്റെ വരിസംഖ്യ പുതുക്കാത്തവർക്ക് അടുത്തലക്കം മുതൽ പത്രം അയ്ക്കുന്നതല്ല. വായനക്കാർ സഹകരിക്കുക.**

## ദേശീയ പ്രാർത്ഥനാദിനം

# ഡോ.സതീഷ്കുമാർ പങ്കെടുക്കുന്നു

## ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഭയുടെ പാസ്റ്റർ



**തിരുവല്ല:** ദേശീയ പ്രാർത്ഥനാ ദിനത്തിൽ വിശ്വാസ സമൂഹം ഒത്തു ചേരുമ്പോൾ അതിഥിയായി എത്തുന്നവരിൽ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സഭയുടെ പാസ്റ്റർ സതീഷ് കുമാറും. പ്രാർത്ഥനകളിൽ പങ്കെടുക്കാനുള്ള താൽപര്യം വിളിച്ചറിയിച്ചാണ് സതീഷ് കുമാർ പങ്കെടുക്കുന്നത്. ഞായറാഴ്ചകളിൽ ഒന്നേമുക്കാൽ ലക്ഷത്തിൽ അധികം വിശ്വാസികൾ ആരാധനയിൽ പങ്കെടുക്കുന്ന ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ പാസ്റ്ററാണ് ഇദ്ദേഹം. കൊറിയയിൽ യോംഗി ചോയുടെ സഭയാണ് ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭ. സംസ്ഥാനത്തെ എല്ലാ പെന്തെക്കോസ്ത് സഭാ നേതാക്കളും മുൻകൈ എടുത്ത് നടത്തുന്ന ദേശീയ പ്രാർത്ഥനാ ദിനം ഏപ്രിൽ 10 ചൊവ്വാഴ്ച രാവിലെ എട്ടു മുതൽ രാത്രി എട്ടു വരെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കും.

തെലങ്കാനയിലെ ഹൈദരാബാദിൽ കുക്കുടപ്പള്ളിയിൽ 2005 ൽ 25 പേരുമായി കാൽവറി ടെമ്പിൾ എന്ന സഭ സ്ഥാപിക്കുമ്പോൾ സതീഷ് കുമാറിന് പ്രായം 23 വയസ് മാത്രം. കൃത്യമായ ദൈവാലോചനയുടെ പിൻബലത്തിൽ വലിയൊരു വിശ്വാസ സമൂഹത്തിനായി പ്രാർത്ഥിച്ച് ആരംഭിച്ച കാൽവറി ടെമ്പിളിൽ ഇന്ന് 195000 സ്ഥിരാംഗങ്ങളുണ്ട്.

പന്ത്രണ്ടാം വയസിൽ ഹിന്ദു വിശ്വാസത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് ക്രിസ്തുവിനെ സ്വീകരിച്ച് ഇറങ്ങിത്തിരിച്ച സതീഷ് 18-ാം വയസിൽ ക്രിസ്തുവിനെ പ്രസംഗിച്ചു തുടങ്ങി. 21-ാം വയസിൽ ആരംഭിച്ച ടീം കാൽവറി യൂത്ത് മിഷൻ പ്രവർത്തനങ്ങളാണ് സഭാ രൂപീകരണത്തിനും വളർച്ചയ്ക്കും അടിത്തറയായത്.

ലളിതമായ സുവിശേഷ ഭാഷണമാണ് സതീഷ് കുമാറിന്റെ പ്രഭാഷണത്തിന്റെ പ്രത്യേകത. കഥകളിലൂടെയും അനുഭവങ്ങളിലൂടെയും വചന പ്രഭാഷണം നടത്തുന്ന ഇദ്ദേഹത്തിന്റെ ക്രൂസേഡുകളിൽ പതിനായിരങ്ങൾ തടിച്ചു കൂടി. 35000 പേരിലധികം ഒരേ സമയം പങ്കെടുക്കുന്ന വിവിധ സെഷനുകളായാണ് ഇവിടെ ആരാധന നടക്കുന്നത്. വേദപുസ്തക അടിസ്ഥാനത്തിലുള്ള ആരാധയിലേയ്ക്ക് ആയിരങ്ങൾ വന്നു തുടങ്ങിയതോടെ ലോകത്തിലെ അതിവേഗം വളരുന്ന സഭകളിൽ ഒന്നായി മാറിയിരിക്കുകയാണ് കാൽവറി ടെമ്പിൾ

കേരളത്തിൽ പെന്തെക്കോസ്ത് സഭകളുടെ നേതൃത്വത്തിൽ ദേശീയ പ്രാർത്ഥനാ ദിനം ആചരിക്കുന്നതറിഞ്ഞ് സതീഷ് കുമാർ തന്നെയാണ് പങ്കെടുക്കാനുള്ള താൽപര്യം സംഘാടകരെ അറിയിച്ചത്. രാജ്യം പുരോഗതി പ്രാപിക്കുന്നതിനും മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ വർധിച്ചു വരുന്ന അസഹിഷ്ണതയ്ക്കും സുവിശേഷ വിരുദ്ധ പ്രവർത്തനങ്ങൾക്കും എതിരെയാണ് ദേശീയ പ്രാർത്ഥനാ ദിനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിനു വേണ്ടി ഇടുവിൽ നിൽക്കാൻ ഒരു ദിനം എന്ന മുദ്രാവാക്യം ഉയർത്തിയാണ് ദേശീയ പ്രാർത്ഥനാ ദിനത്തിനായി വിശ്വാസികൾ തയാറെടുക്കുന്നത്.

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Dr. Shibu K. Mathew
Managing Editor
Rev. J. Joseph
Manager
Pr. Shaiju Thomas
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Philip Abraham
England: Rohit Joseph
Canada: Wilson Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Okalahoma: Wilson John

Yuganthya Sandhesham
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

പത്രാധിപലേഖനം

# സ്ഥലംമാറ്റം എന്ന വെല്ലുവിളി



ഡോ. ഷിബു കെ. മാത്യു

**കേ**രളത്തിലെ പെന്തക്കോസ്തു സഭകളുടെ സ്ഥലമാറ്റത്തിന്റെ സമയമാണല്ലോ. ഏതൊരു ശുശ്രൂഷകനെ സംബന്ധിച്ചിടത്തോളം ഏറ്റവും അധികം മാനസീകപിരിമുറുക്കം അനുഭവിക്കുന്ന സമയമാണിത്. തികച്ചും പുതിയ സഭയും സാഹചര്യവും പുതുതായി ചെല്ലുന്ന ശുശ്രൂഷകനും കുടുംബത്തിനും ഒരു വെല്ലുവിളിതന്നെയാണ്. പുതിയ സഭയുടെ വരുമാനം, താമസസൗകര്യങ്ങൾ, പുതിയ വിശ്വാസികളുടെ സ്വഭാവരീതികൾ, പുതിയ സഭയുടെ രീതികൾ തുടങ്ങി കുഞ്ഞുങ്ങളുടെ അഡ്മിഷൻ, യാത്രാസൗകര്യം, ഇങ്ങനെ ധാരാളം വിഷയങ്ങൾക്ക് ശുശ്രൂഷകന്മാർ ഉത്തരം കണ്ടെത്തേണ്ട സമയമാണ് സ്ഥലമാറ്റ സമയം. മാത്രമല്ല പുതുതായി വരുന്ന ശുശ്രൂഷകനെക്കുറിച്ച് സഭകൾക്കും ധാരാളം ആശങ്കകൾ ഉണ്ട്. പുതുതായി വരുന്ന ദൈവദാസന്റെ ശുശ്രൂഷാരീതി, ഇടപെടുന്ന രീതികൾ തുടങ്ങി പല കാര്യങ്ങൾ സഭകളും വിശകലനം ചെയ്യുന്ന സമയമാണ് സ്ഥലം മാറ്റ സമയങ്ങൾ. നല്ലതുപോലെ ശുശ്രൂഷ ചെയ്ത് സഭകളെ നല്ലതുപോലെ പരിപാലിക്കുന്ന ചില ദൈവദാസന്മാർ സ്ഥിരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സഭകളിൽ അബദ്ധത്തിൽ ചെന്നുപെട്ട് വലഞ്ഞുപോയ സന്ദർഭങ്ങൾ ഉണ്ട്. തിരിച്ചും സംഭവിക്കാം. സമാധാനമുള്ള സഭകളിൽ ചില ശുശ്രൂഷകന്മാർ ചെന്ന് സഭ അലങ്കോലപ്പെടുത്തിയ സന്ദർഭങ്ങളുമുണ്ട്. ആയതുകൊണ്ട് സഭകളും ശുശ്രൂഷകന്മാരും വളരെ ഉൽകണ്ഠയോടുകൂടിയാണ് സ്ഥലമാറ്റത്തെ കാണുന്നത്.

എന്നാൽ സ്ഥലം മാറ്റം ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്നത് സഭാ നേതൃത്വത്തിനാണ്. സ്ഥലം മാറ്റം ആവശ്യമുള്ള സഭകളും ശുശ്രൂഷകന്മാരും നേതൃത്വത്തെ ഊറ്റുനോക്കുന്ന സമയമാണ് ഇത്. എന്നാൽ സ്ഥലംമാറ്റം സുഗമമായി നടക്കണമെങ്കിൽ നേതൃത്വത്തിന് ഈ സമയം ആരോടും മുഖപക്ഷം കാണിക്കുവാൻ കഴിയുകയില്ല. ഐപിസിയിൽ സെന്ററുകൾ തന്നെയാണ് പ്രധാനമായും സ്ഥലമാറ്റങ്ങൾ ക്രമീകരിക്കുന്നത്. എന്നാൽ ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സഭകൾ കേന്ദ്രതലത്തിലാണ് സ്ഥലമാറ്റവിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. കേന്ദ്രതലത്തിൽ സ്ഥലമാറ്റങ്ങൾ കൈകാര്യം ചെയ്താൽ കഴിവതും നീതി നടത്തുവാൻ കഴിയും എന്നുള്ളത് ഒരു വസ്തുതയാണ്.

നേതൃത്വം ഒരു ശുശ്രൂഷകന്റെ സ്ഥലമാറ്റം ക്രമീകരിക്കുന്നത് പല വിഷയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. ശുശ്രൂഷകന്റെ വരുമാനം, ശുശ്രൂഷിച്ച സഭകളുടെ പുരോഗതി, ഉണ്ടായ പ്രശ്നങ്ങൾ, സഭകളുടെ ആവശ്യങ്ങൾ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നേതൃത്വം സ്ഥലമാറ്റം ക്രമീകരിക്കുന്നത്. ആയതിനാൽ എല്ലാ സഭകളെയും ശുശ്രൂഷകന്മാരെയും തൃപ്തിപ്പെടുത്തികൊണ്ട് ഒരു സ്ഥലമാറ്റം ഒരു സഭയിലും ഒരു കാലത്തും സാദ്ധ്യമല്ല. ഒരു ശുശ്രൂഷകനെ പുതുതായി നിയമിച്ച സഭ അദ്ദേഹത്തെ തിരസ്ക്കരിച്ചാൽ നിയമനം പുനർവിചിന്തനം ചെയ്യാതെ നേതൃത്വത്തിന് മറ്റ് മാർഗ്ഗങ്ങളില്ല. തുടങ്ങി അനേകഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി സ്ഥലം മാറ്റം നടത്തുന്നതിനാൽ സഭാ നേതൃത്വങ്ങളുടെ ഉറക്കമില്ലാത്ത രാത്രികളാണ് സ്ഥലമാറ്റ തീരുമാനദിവസങ്ങൾ. തിരുമാനങ്ങളിൽ എവിടെ എങ്കിലും അസുന്തലിതാവസ്ഥ ഉണ്ടായാൽ സ്ഥലം മാറ്റം തകിടം മറിയും. അതായത് വരുമാനങ്ങളിൽ ഏറ്റക്കുറച്ചിലുകൾ വലിയ അളവിൽ ഉണ്ടായാൽ അത് പരിഹരിക്കാതെ നേതൃത്വത്തിന് മുൻപോട്ടു പോകുവാൻ കഴിയുകയില്ല. സഭകൾ ആവശ്യപ്പെട്ട് ധാരാളം പുതിയ ശുശ്രൂഷകന്മാർ സ്ഥലം മാറ്റസമയത്ത് രംഗത്ത് വരും എങ്കിലും അവരെ പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യങ്ങളാണ് ഇപ്പോൾ സഭകളിൽ നിലവിലുള്ളത്. കാരണം ഒരു ശുശ്രൂഷകൻ പുറത്തുപോയാലെ പുതിയ ഒരാൾക്ക് അവസരം ലഭിക്കുകയുള്ളൂ.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ ഈ പ്രാവശ്യത്തെ സ്ഥലം മാറ്റം കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ വളരെ ഭംഗിയായിട്ടാണ് നടക്കുന്നത്. കഴിവതും നീതി പുലർത്തുവാൻ സഭാ നേതൃത്വം ശ്രമിച്ചു എന്നുള്ളത് പ്രശംസനീയമായ വസ്തുതയാണ്. ആരുടെയും റെക്കമെന്റേഷനുകൾക്ക് പ്രാധാന്യം കൊടുക്കാതെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശുശ്രൂഷകന്മാർക്ക് യോഗ്യമായ പരിഗണന കൊടുത്തുകൊണ്ടുള്ള ചർച്ച് ഓഫ് ഗോഡിന്റെ ഈ പ്രാവിശ്യത്തെ സ്ഥലം മാറ്റവും മറ്റ് സഭകൾക്ക് മാതൃകയാക്കാവുന്നതാണ്. സ്ഥലം മാറ്റത്തിന്റെ പേരിൽ കഴിവതും ഒരു ശുശ്രൂഷകനും ഒരു സഭയും ദുഃഖിക്കാൻ പാടില്ല എന്നുള്ള ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസീയറുടെ നിശ്ചയദാർഢ്യം ദൈവസഭയുടെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽകൂട്ടുതന്നെയാണ്. ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം എന്ന വലിയ വെല്ലുവിളിയെ ഭംഗിയായി തരണം ചെയ്യുവാൻ നമ്മുടെ നേതൃത്വങ്ങളെ സഭയുടെ നാഥൻ സഹായിക്കട്ടെ. സഭ ദൈവത്തിന്റെയാണ്. ശുശ്രൂഷകന്മാരെ തന്റെ വേലയ്ക്ക് വിളിച്ചതും ദൈവമാണ്.

# ദുരഭിമാന കൊല കേരളത്തിലും





പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305

**21–ാം** നൂറ്റാണ്ടിലും ഇന്ത്യൻ സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന അതിഭീഷണമായ ഒരു യാഥാർത്ഥ്യവും എന്നാൽ ഏറ്റവും കുറച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമായ ഒന്നാണ് ദുരഭിമാന കൊലകൾ. ഒരു സമയത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായി നടക്കുന്ന ഒന്ന്. പലപ്പോഴും നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ചില കൊലപാതകങ്ങൾ ഒഴിച്ചാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ പൊതുവെ ഇതിൽ നിന്ന് വിമുക്തമായിരുന്നു. എന്നാൽ കഴിഞ്ഞ ദിവസം കേരളത്തിലുണ്ടായ അതിദാരുണമായ സംഭവം കേരളത്തെ ഞെട്ടിച്ചിരിക്കുകയാണ്. വിവാഹത്തലേന്ന് ആതിര എന്ന പെൺകുട്ടി പിതാവിന്റെ കുത്തേറ്റു മരിച്ച സംഭവം ദുരഭിമാന കൊല തന്നെയാണെന്ന് പിതാവ് രാജന്റെ മൊഴി. ദളിത് വിഭാഗത്തിൽ പെട്ടയാൾ തന്റെ മകളെ വിവാഹം ചെയ്താൽ അത് കുടുംബത്തിന് അപമാനമാകുമെന്ന് കരുതിയിരുന്നുവെന്നാണ് രാജൻ പൊലീസിനോടു പറഞ്ഞത്. മദ്യലഹരിയിലാണ് താൻ മകളെ ആക്രമിച്ചതെന്നും മൊഴിയിലുണ്ട്. സംഭവത്തെ കുറിച്ച് പൊലീസ് പറയുന്നത് ഇങ്ങനൊണ്: ഇതര ജാതിയിൽ പെട്ട യുവാവുമായി ആതിര പ്രണയത്തിലായിരുന്നു. എന്നാൽ പിതാവ് രാജന് ഈ ബന്ധം ഇഷ്ടമായിരുന്നില്ല. പ്രശ്നം പൊലീസ് സ്റ്റേഷനിൽ എത്തുകയും പരിഹരിക്കുകയും വീടിനടുത്തുള്ള ക്ഷേത്രത്തിൽ വെച്ച് വിവാഹം നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ മദ്യപിച്ച് വീട്ടിൽ എത്തിയ രാജൻ ഇക്കാര്യത്തെ ചൊല്ലി ആതിരയുമായി വാക്കുതർക്കത്തിലേർപ്പെട്ടു. തുടർന്ന് മർദ്ദനം ആരംഭിച്ചപ്പോൾ പിതാവിൽ നിന്ന് രക്ഷപ്പെടാനായി ആതിര അടുത്ത വീട്ടിലേക്ക് ഓടിക്കയറുകയും കട്ടിലിനടിയിൽ ഒളിക്കുകയും ചെയ്തു. എന്നാൽ രാജൻ ആതിരയെ തെരഞ്ഞു പിടിച്ചു കുത്തികൊലപ്പെടുത്തുക ആയിരുന്നു. ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിക്കുന്ന ബ്രിജേഷ് എന്ന യുവാവുമായാണ് ആതിര പ്രണയിത്തിലായിരുന്നത്. ഇവർ തമ്മിലുള്ള വിവാഹം ഒരിക്കൽ കഴിഞ്ഞതാണെങ്കിലും ചടങ്ങുകൾ അനുസരിച്ച് കല്യാണം നടത്തിക്കൊടുക്കാമെന്ന് വീട്ടുകാർ ഉറപ്പു നൽകിയതിനെ തുടർന്നാണ് ആതിര വീട്ടിൽ തിരിച്ചെത്തിയത്. എന്നാൽ അത് കേരളത്തെ ഞടുക്കിയ ദുരഭിമാന കൊലയായി മാറി.

നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയെ ഉദ്ധരിച്ചുകൊണ്ട് സർക്കാർ പാർലമെന്റിൽ വച്ച കണക്കുകൾ പ്രകാരം ഇന്ത്യയിൽ 'അഭിമാന'ത്തിന്റെ പേരിൽ നടന്ന കൊലപാതകങ്ങൾ വർധിച്ചിരിക്കുന്നത് 800 മടങ്ങാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മറ്റു വിഷയങ്ങളെ ചൊല്ലിയുള്ള കൊലപാതകങ്ങളിൽ നിന്ന് വേറിട്ട് ദുരഭിമാന കൊലകളെ പ്രത്യേകം കണക്കെടുത്ത് തുടങ്ങിയതും അപ്പോഴാണ്. ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത് ഒരു കാലത്ത് നമ്മുടെ രാജ്യത്തു നിന്നും അപ്രത്യക്ഷമായ ജാതി ചിന്തകൾ വീണ്ടും കേരളിയ മനസ്സിലെ ചിലരിൽ ആഴത്തിൽ വേരുന്നുവാൻ തുടങ്ങി എന്നാണ്. കേരള സമൂഹം മുമ്പെന്നത്തെക്കാളും വർഗ്ഗീയവത്കരിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു വൈകിയാണ് കേരളത്തിൽ ജാതിവ്യവസ്ഥ നിലവിൽ വന്നത്. ചേര സാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം നമ്പൂതിരിമാർ സ്വാധീനശക്തിയുള്ളവരായി മാറുകയും തുടർന്ന് ജാതിവ്യവസ്ഥ നിലവിൽ വന്നു എന്നും കരുതപ്പെടുന്നു. സവർണ്ണരെന്നും അവർണ്ണരെന്നും ഉള്ള വ്യത്യാസം വർണ്ണത്തെ അടിസ്ഥാനമാക്കിയാണെങ്കിലും അതിലുപരി മറ്റു പല ഒളിഞ്ഞിരിക്കുന്ന വസ്തുതകളും ജാതി നിർണ്ണയത്തിൽ പ്രതിഫലിച്ചു കാണാം. ഇന്ത്യയിലെ തന്നെ ജാതിവ്യവസ്ഥയുടെ ഉത്പത്തിയെപ്പറ്റി രണ്ട് സിദ്ധാന്തങ്ങൾ ആണ് നിലവിലുള്ളത്. ഒന്ന് ആര്യന്മാർ ഇന്ത്യയിൽ വരുന്നതിനു മുന്നേ തന്നെ ഇവിടെ ജാതി സമ്പ്രദായങ്ങൾ നിലവിൽ ഉണ്ടായിരുന്നു എന്നും മറ്റേത് ആര്യന്മാരാണ് ജാതി സമ്പ്രദായം ആരംഭിച്ചതെന്നുമാണ്. കേരളത്തിൽ ജാതി സമ്പ്രദായം ആരംഭിച്ചത് ആര്യന്മാരാണെന്ന് വില്ല്യം ലോഗൻ മലബാർ മാനുവൽ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യത്തേതിന് തെളിവുകളുടെ പിൻബലമില്ല. ആര്യന്മാരുടെ വരവിനു മുന്ന് ജാതി വ്യവസ്ഥ നിലനിന്നു എന്നതിനോ സാമൂഹ്യ വ്യവസ്ഥിതി എങ്ങനെയായിരുന്നു എന്ന് അറിയുന്നതിനോ ശക്തമായ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. അതിനാൽ രണ്ടും ഖണ്ഡിക്കുക പ്രയാസമാണ്. എന്നാൽ ദക്ഷിണേന്ത്യയിലെ സാമൂഹിക സ്ഥിതിയെപറ്റി വ്യക്തമാക്കുന്ന സാഹിത്യരേഖകൾ ആണ് സംഘകാലത്തേത്. എന്നാൽ അന്നും ജാതിയുടെ പേരിൽ വ്യക്തമായ തിരിവുകൾ ഉണ്ടായിരുന്നില്ല. ജീവിക്കുന്ന സ്ഥലത്തിന്റെയും ചെയ്യുന്ന തൊഴിലിന്റെയും അടിസ്ഥാനത്തിൽ ജനവിഭാഗങ്ങളെ പേര് വിളിക്കപ്പെട്ടു. എന്നാൽ അത് ജാതിയ വിഭാഗീയത ആയിരുന്നില്ല തൊഴിൽ സംബന്ധമായ തിരിവുകൾ എന്ന് മാത്രമേ അർത്ഥമാക്കുന്നുള്ളൂ. പൊതുവേ പറഞ്ഞാൽ സംഘകാലത്തോ അതിനു മുമ്പോ തെക്കേ ഇന്ത്യയിൽ ഇന്നു കാണുന്ന മട്ടിലുള്ള ജാതി വ്യവസ്ഥ നിലനിന്നിരുന്നില്ല. ഗംഗാസമതലത്തിൽ നിന്ന് പിൽക്കാലത്തു നടന്ന കുടിയേറ്റങ്ങൾക്കുശേഷമാണ് പഴയ സ്ഥിതിക്കു മാറ്റം വരുന്നത്. ഉത്തരേന്ത്യൻ ജനപദങ്ങളിൽ നിന്ന് ക്രിസ്തു വർഷം നാലാം നൂറ്റാണ്ടു മുതലായിരിക്കണം തെക്കൻ ദേശങ്ങളിലേക്ക് കൂട്ടത്തോടെ ജനങ്ങളുടെ അധിനിവേശം ആരംഭിച്ചത്. അതിനു മുന്നേ തന്നെ ഉത്തരേന്ത്യയിൽ അനിഷേധ്യ മേധാവിത്വം ഉറപ്പിച്ചിരുന്നവർ ആദ്യം ചെറിയ കുലങ്ങളേയും മറ്റും എതിർത്ത് തോൽപ്പിച്ചു. കൂടുതൽ എതിർപ്പ് പ്രകടിപ്പിച്ചവരേയും അവർക്ക് ഭയമുണ്ടായിരുന്ന വർഗ്ഗത്തേയും അവർ ദാസന്മാരാക്കി. അവർക്ക് കീഴ്പെട്ടവരെ അവർക്ക് അഭിമതരായ ജാതിക്കാരാക്കി മാറ്റി. എന്നാൽ അവർക്ക് കീഴ്പെടുത്താനാവാത്തവരുടെ മേൽ ആധിപത്യം

(ശേഷം പേജ് 5)

# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 04 - 2018

വാല്യം – 14 ലക്കം: 04 ഏപ്രിൽ 2018 Annual Subscription RS. 100/-

## പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന് നവനേതൃത്വം




പാ. തോമസ് മുല്ലയ്ക്കൽ




അലൻ മാത്യു




ടൈറ്റസ് തോമസ്



ക്രിസ് മാത്യു



ജോൺ കുരുവിള



ഷോൺ സി. ജോർജ്



വിന്നി ഫിലിപ്പ്



ആശിഷ് അലക്സാണ്ടർ

*രാജു തരകൻ*

**ഡാളസ്,** ടെക്സാസ്: പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിൻറെ (PYCD) മുപ്പത്തെഴാമത് ഭരണ സമിതിയിലേക്ക് പ്രസിഡൻറായി പാസ്റ്റർ തോമസ് മുല്ലയ്ക്കലും കോഓർഡിനേറ്ററായി അലൻ മാത്യൂവും ട്രഷററായി ടൈറ്റസ് തോമസും ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 18ന് റോള റ്റിലുള്ള ക്രോസ്സ്‌വ്യൂ ചർച്ചിൽ കൂടിയ മുപ്പത്താറാമത് പി വൈ സി ഡി ജനറൽ! ബോഡി യോഗത്തിലാണ് 2018 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികൾ ചുമതലയേറ്റത്. കഴിഞ്ഞ വർഷത്തെ ഭാരവാഹികളായ പ്രസിഡന്റ് ബിജു തോമസ്, കോഓർഡിനേറ്റർ ഷോണി തോമസ്, ട്രഷറർ അലൻ മാത്യൂ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

പാസ്റ്റർ തോമസ് മുല്ലയ്ക്കൽ ഹെബ്രോൻ പെന്തക്കൊസ്തൽ ഫെലോഷിപ്പ് സഭയുടെ ലീഡിംഗ് പാസ്റ്ററും, കഴിഞ്ഞ കമ്മിറ്റിയിലെ പാസ്റ്ററൽ പ്രതിനിധിയുമായിരുന്നു. അലൻ മാത്യൂ ക്രോസ്സ്‌വ്യൂ ചർച്ചിലെ അംഗവും മുൻ പി വൈ സി ഡി ട്രഷററുമാണ്.

ഐ പി സി എബെൻഎസർ സഭാംഗമാണ് ടൈറ്റസ് തോമസ്. എക്സിക്യൂട്ടീവ് ഭാരവാഹികൾക്ക് പുറമേ, ക്രിസ് മാത്യൂ (അസോസിയേറ്റ് കോഓർഡിനേറ്റർ), വിന്നി ഫിലിപ്പ് (മീഡിയ കോഓർഡിനേറ്റർ), ജോൺ കുരുവിള (സ്പോർട്സ് കോഓർഡിനേറ്റർ), ഷോൺ സി ജോർജ്ജ് (മ്യൂസിക് കോഓർഡിനേറ്റർ), ആഷിഷ് അലക്സാണ്ടർ (ഓഡിറ്റർ)! എന്നിവരും റോൺ ജോർജ്ജ്, ഫ്ലോസി ജോൺസൺ, സിൽവിയ സാജൻ, അനീഷ് മാത്യൂ, ജോബ് അലക്സ്, മഹിമ ബാബു എന്നീ കമ്മിറ്റി അംഗങ്ങളും തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മുപ്പത്താറു വർഷങ്ങൾ യാതൊരു വിഘ്നവും കൂടാതെ സഭകളുടെ ഐക്യത്തിൻറെ സംഗമ വേദിയായി ഡാളസിൽ പ്രവർത്തിക്കുന്ന പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിൻറെ പ്രവർത്തനങ്ങൾ യുവതീ യുവാക്കളിൽ സഹവർത്തിത്വവും ഐക്യതയും ഊട്ടി ഉറപ്പിക്കാൻ ഉതകുന്ന വിവിധ പ്രവർത്തങ്ങളാൽ സമ്പന്നമാണ്. ഡാളസിലെ മുപ്പത്തേഴ് പെന്തക്കോസ്ത് സഭകൾ ഈ വർഷം ഇതിൽ അംഗങ്ങളായുണ്ട്. കൂടുതൽ വിവരങ്ങൾക്ക് സന്ദർകക്കുകുക www.pycd.org

## യുപിജി വിഭാവന കോൺഫ്രൻസ്




ഡോ. സുശീൽ മാത്യു പ്രസംഗിക്കുന്നു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുപിജിയുടെ പ്രഥമ കോൺഫ്രൻസ് സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. മാർച്ച് 21-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച വിഭാവന കോൺഫ്രൻസിനു യുപിജി കേരളാ സ്റ്റേറ്റ് ഡയറക്ടർ പാസ്റ്റർ വിനോദ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. റവ. സുശീൽ മാത്യു, പാസ്റ്റർ വി. വി അലക്സാണ്ടർ, പാസ്റ്റർ പി. ആർ ബേബി, ഡോക്ടർ ഐസക് സൈമൺ, പാസ്റ്റർ വിജയൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു. പാസ്റ്റർമാരായ ജോൺസൻ ദാനിയേൽ, ഷിബു കെ മാത്യു, ക്രിസ്റ്റഫർ റ്റി രാജു, കെ. എ ഉമ്മൻ സഹോദരന്മാരായ ജോസഫ് മറ്റത്തുകാല, റ്റിയോഹന്നാൻ, അജി കുളങ്ങര, ഏബ്രഹാം തോമസ്, ജോൺ പി തൈനാൻ എന്നിവർ ആശംസകളറിയിച്ചു. സുവിശേഷം എത്തിയിട്ടില്ലാത്ത ജന വിഭാഗങ്ങൾക്കിടയിൽ സുവിശേഷികരണ ദൗത്യവുമായി മിഷണറിമാരെ അയക്കുന്ന ദൈവസഭ അന്തർദ്ദേശിയ നേതൃത്വത്തിന്റെ പദ്ധതിയാണ് അൺ റീച്ചഡ് പിപ്പിൾ ഗ്രൂപ്പ് എന്നത്. യുപിജിയുടെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ വിനോദ് ജേക്കബ് ഡയറക്ടറായി ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി തോമസ് നേതൃത്വം കൊടുക്കുന്നു.

## ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ യുവജന വിഭാഗത്തിനു പുതിയ ഭരണ സമിതി

### വെസ്‌ളി ആലുംമൂട്ടിൽ പ്രസിഡന്റ്; ഷോണി തോമസ് സെക്രട്ടറി



വെസ്‌ളി ആലുംമൂട്ടിൽ



ഷോണി തോമസ്



ജെറി കല്ലൂർ രാജൻ

ഡാളസ് : ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ വടക്കേഅമേരിക്കയിലെ പ്രമുഖ റീജിയണുകളിൽ ഒന്നായ മിഡ് വെസ്റ്റ് റീജിയൺ പി. വൈ. പി. എ.യുടെ അടുത്തമൂന്നു വർഷത്തേക്കുള്ള (2018-2020) ഭാരവാഹികളെ മാർച്ച് 3 നു കൂടിയ പ്രതിനിധി സമ്മേളനംതിരഞ്ഞെടുത്തു. റിപ്പോർട്ട് വർഷത്തെ പ്രസിഡന്റ് വെസ്ലി ആലുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽകൂടിയ പ്രതിനിധി സമ്മേളനത്തിൽ കഴിഞ്ഞ മൂന്നുവർഷത്തെ പ്രവർത്തന റിപ്പോർട്ടും, സാമ്പത്തീകറിപ്പോർട്ടും അവതരിപ്പിച്ചു. അതിനുശേഷം നടത്തിയ തിരഞ്ഞെടുപ്പിൽ പ്രസിഡന്റായി ബ്രദർ വെസ്‌ളിആലുംമൂട്ടിൽ, സെക്രട്ടറിയായി ഷോണി തോമസ്, ട്രഷറാർയി ജെറി കല്ലൂർ രാജൻ എന്നിവരും, ഡോ. മനു ചാക്കോ ( വൈസ് പ്രസിഡന്റ്), റെജി ഉതുപ്പ് (ജോയിന്റ്സെക്രട്ടറി) ബ്ലെസൻ ബാബു ( മീഡിയ), ജോഷിൻ ഡാനിയേൽ ( താലന്ത് കൺവീനർ), എബിൻ വർഗ്ഗീസ് ( മിഷൻ/ചാരിറ്റി കോർഡിനേറ്റർ), നിസ്സി തോമസ് ( മ്യൂസിക്) ജിജോ ജോർജ്ജ്, വിന്നി ഫിലിപ്പ് ( സ്പോർട്സ് കോർഡിനേറ്റർമാർ) എന്നിവരെയുംഐക്യകൺഠേന തിരഞ്ഞെടുത്തു. ഇവരോടൊപ്പംറീജിയണിലെ അംഗത്വസഭകളിൽ നിന്നുപ്രതിനിധികളെ ഉൾപ്പെടുത്തി കമ്മറ്റി അംഗങ്ങളേയും തിരഞ്ഞെടുത്തു. ഡാളസ്, ഓസ്റ്റിൻ, ഹ്യൂസ്റ്റൺ,ഒക്കലഹോമ എന്നീ പട്ടണങ്ങളിലെ ഇൻഡ്യാപെന്തക്കോസ്ത് സഭകൾ ചേരുന്നതാണു ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ.

പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട വെസ്ലിആലുമൂട്ടിൽ പുത്രികാ സംഘടനയിലൂടെ തന്റെ നേതൃത്വ പാടവം തെളിയിച്ച വ്യക്തിയാണു. ഐ. പി. സി. നോർത്ത് അമേരിക്കൻ ഫാമിലികോൺഫ്രൻസിന്റെ നാഷണൽ യൂത്ത് കോർഡിനേറ്ററായി രണ്ടു തവണ സേവനം ചെയ്തിട്ടുള്ള വെസ്ലി, ഹ്യൂസ്റ്റൺ ഐ. പി. സി.ഹെബ്രോൻ സഭാംഗവും, ഐ.പി. സി.

(ശേഷം പേജ് 7)

## ഐ.പി.സി സോദരി സമാജം സ്റ്റേറ്റ് ഭാരവാഹികൾ ചുമതലയേറ്റു



ഏലിയാമ്മ തോമസ്



റോസമ്മ ജയിംസ്



മിനി ജോർജ്



സൂസൻ എം. ചെറിയാൻ



ഒമേഗ സുനിൽ



ജയ്മോൾ രാജു



ജോയമ്മ ബേബി

**കുമ്പനാട് :** ഐ.പി.സി സോദരി സമാജം സ്റ്റേറ്റ് പ്രസിഡന്റായി ഏലിയാമ്മ തോമസും (കുമ്പനാട്) ജനറൽ സെക്രട്ടറിയായി സൂസൻ എം. ചെറിയാനും (കോട്ടയം) തിരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികൾ : റോസമ്മ ജയിംസ് (തിരുവനന്തപുരം), മിനി ജോർജ് (പാലക്കാട്)- (വൈസ് പ്രസിഡന്റുമാർ), ഒമേഗ സുനിൽ (കോട്ടയം), ജയ്മോൾ രാജു (പത്തനംതിട്ട)- (ജോയിന്റ് സെക്രട്ടറിമാർ), ജോയമ്മ ബേബി (പന്തളം)- (ട്രഷറാർ). കുമ്പനാട് ഹെബ്രോൻ പുരത്ത് നടന്ന ജനറൽ ബോഡിയിലാണ് അടുത്ത മൂന്ന് വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തത്. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ ഇലക്ഷൻ ഓഫീസറായും പാസ്റ്റർ സാംകുട്ടി ജോൺ, ജോജി ഐപ്പ് മാത്യൂസ് എന്നിവർ റിട്ടേണിങ് ഓഫീസർമാരായും പ്രവർത്തിച്ചു. ഐ.പി.സി സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് സമർപ്പണ പ്രാർത്ഥന നടത്തി.

പരേതനായ പാസ്റ്റർ കെ.എം. ചാക്കോയുടെ (ഭക്തൻ കുട്ടിയച്ചൻ) മകളും പരേതനായ പാസ്റ്റർ പി.എ. തോമസിന്റെ ഭാര്യയുമാണ് പ്രസിഡന്റായ ഏലിയാമ്മ തോമസ്. നിലവിൽ സോദരി സമാജം സ്റ്റേറ്റ് പ്രസിഡന്റാണ്. കുമ്പനാട് ഐ.പി.സി എലിം സഭാംഗമാണ്.

നെടുമങ്ങാട് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജയിംസ് ശാമുവേലിന്റെ ഭാര്യയും സോദരി സമാജം തിരുവനന്തപുരം മേഖല പ്രസിഡന്റുമാണ് വൈസ് പ്രസിഡന്റായ റോസമ്മ ജയിംസ്.

പാലക്കാട് സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.യു.ജോയിയുടെ മകളും സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ ഈ. വി. ജോർജിന്റെ ഭാര്യയുമാണ് വൈസ് പ്രസിഡന്റായ മിനി ജോർജ്.


പരേതനായ പാസ്റ്റർ കല്ലട മത്തായിച്ചന്റെ മകളും പരേതനായ എം.സി. ചെറിയാന്റെ ഭാര്യയുമാണ് ജനറൽ സെക്രട്ടറിയായ സൂസൻ എം ചെറിയാൻ. കോട്ടയം ടാബർനാക്കിൾ സഭാംഗമാണ്.

മുണ്ടക്കയം സെന്റർ മിനിസ്റ്റർ പാസ്റ്റർ സുനിൽ വേട്ടമലയുടെ ഭാര്യയാണ് ജോയിന്റ് സെക്രട്ടറിയായ ഒമേഗ സുനിൽ. കഴിഞ്ഞ കമ്മറ്റിയിലും ജോയിന്റ് സെക്രട്ടറിയായിരുന്നു. ഐ.പി.സി പത്തനംതിട്ട സെന്റർ വൈസ് പ്രസിഡന്റും മഞ്ഞനിക്കര സഭാ ശുശ്രൂഷകനുമായ പാസ്റ്റർ രാജു ജോണിന്റെ ഭാര്യയാണ് മറ്റൊരു ജോയിന്റ് സെക്രട്ടറിയായ ജയ്മോൾ രാജു.

കാരയ്ക്കാട് ഐ.പി.സി സഭാംഗം സി.എം. ബേബിയുടെ ഭാര്യയാണ് ട്രഷറാറായ ജോയമ്മ ബേബി. സ്റ്റേറ്റ് സോദരി സമാജത്തിന്റെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

# ഞാൻ തെറ്റിപ്പോയി – ബെന്നിഹിൻ

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ചതിൽ തനിക്ക് തെറ്റുപ്പറ്റിയെന്നും, യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തത് രക്ഷയുടെ സുവിശേഷം പ്രസംഗിക്കുവാനാണെന്നും, ജനത്തെ സമൃദ്ധിയിലേക്കും ഉന്നതികളിലേക്കും ഉയർത്തിയെടുക്കുന്ന പ്രഭാഷണം നടത്തിയതിലും, തെറ്റായ ഉപദേശം കഴിഞ്ഞ 35 വർഷമായി ഞാൻ പ്രസംഗിച്ച് ആയിരങ്ങളെ വിഡ്ഢികളാക്കിയെന്നും ബെൻഹിൻ ഏറ്റുപറയുന്നു. ലോകപ്രസിദ്ധ സുവിശേഷകനായിരുന്ന ബില്ലിഗ്രഹാമിന്റെ ജീവിതശൈലിയും പ്രസംഗങ്ങളും അദ്ദേഹത്തിന്റെ മരണത്തോടുള്ള ബന്ധത്തിൽ തന്റെ ജീവിതവും, ശൈലിയും, പ്രസംഗവും താരത്മ്യപ്പെടുത്തിയാണ് ബെൻഹീൻ അനുതപിക്കുന്നത്. തന്റെ പ്രസംഗവും ശൈലിയും അനുകരിച്ച് അനേകർ സ്വന്തം നേട്ടങ്ങൾ കൈവരിച്ചു. ഞാൻ പ്രസംഗിച്ചതെല്ലാം ശരിയാണ് എന്നവർ വിശ്വസിച്ചു. അവരിൽ കൂടിയും അനേകായിരങ്ങൾ വഞ്ചിക്കപ്പെടുകയായിരുന്നു. കഷ്ടതയുടേയും ത്യാഗത്തിന്റേയും മാർഗ്ഗമാണ് യേശുവിന്റെ മാർഗ്ഗം. അതിന് നേരെ ഘടകവിരുദ്ധമായിട്ടാണ് ഞാൻ ജനത്തെ പഠിപ്പിച്ചത്. യേശുവിന്റെ ശിഷ്യന്മാർ ആരുംതന്നെ സുവിശേഷ വേലയിൽ ഒന്നും സമ്പാദിച്ചിരുന്നില്ല. അനവധി കഷ്ടങ്ങളിൽ കൂടിയാണ് അവർ കടന്ന് പോയത്. അവർ എല്ലാവരും അധികം പീഡിപ്പിക്കപ്പെട്ടവരായിരുന്നു. പൗലോസ് ഉൾപ്പെടെയുള്ള ഒരു അപ്പോസ്തലനും തങ്ങളുടെ ശുശ്രൂഷയിൽ സമൃദ്ധിയോ, മറ്റ് ഭൗതീക നേട്ടങ്ങളോ നേടിയില്ല അതിനുവേണ്ടി അവർ പ്രസംഗിച്ചില്ല. അവർ എല്ലാവരും സുവിശേഷം പ്രസംഗിച്ചത് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയായിരുന്നു. തങ്ങൾക്ക് ലഭിച്ച കൃപാവരങ്ങൾ വ്യാപാരം ചെയ്ക നിമിത്തം ആർക്കും സ്വന്തമായി ഒരു സമൃദ്ധിയും ഉണ്ടായില്ല. ശിഷ്യന്മാർ യോഹന്നാൻ ഒഴികെ എല്ലാവരും രക്തസാക്ഷികളായി മരിക്കുകയായിരുന്നു. ഇവർക്കാർക്കും സ്വന്തമായി വീടോ, സമ്പാദ്യങ്ങളോ ഉണ്ടായിരുന്നില്ല. യോഹന്നാൻ തന്നെ പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ടവനായി അന്ത്യം കാണുകയായിരുന്നു. യേശു ലോകത്തിൽ വന്നതും മരിച്ച് ഉയർത്തെഴുന്നേറ്റതും മാനവ ജാതിയുടെ പാപം മോചിക്കുവാനും അവരെ നിത്യതയ്ക്ക് കൂട്ടവകാശികളാക്കുവാനും മാത്രമാണ്. യേശു തന്റെ ശിഷ്യന്മാരേയും അനുയായികളേയും ശുശ്രൂഷയ്ക്ക് ആക്കി വെച്ചത് കറയും ചുളുക്കവും ഇല്ലാത്ത വാട്ടവും മാലിന്യവും ഇല്ലാത്ത ഒരു ഉത്തമ മണവാട്ടിയെ ഒരുക്കുന്നതിനുവേണ്ടിയാണ്. ബില്ലിഗ്രഹാമിന്റെ ജീവിതശൈലിയും പ്രസംഗങ്ങളും എന്നെ മാറ്റി മറിച്ചിരിക്കുന്നു. സുവിശേഷത്തിന്റെ പേരിൽ ഞാൻ സമ്പാദിച്ചതെല്ലാം അബദ്ധമായിപ്പോയി എന്ന തിരിച്ചറിവ് എന്റെ ശുശ്രൂഷയ്ക്ക് ഒരു വഴിതിരിവായി ഞാൻ കരുതുന്നു. എന്റെ ശുശ്രൂഷ നിമിത്തം



എത്രപേരുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെട്ടു അതിന് മാത്രമേ തനിക്ക് പ്രതിഫലം ലഭിക്കുകയുള്ളു എന്ന തിരിച്ചറിവ് എനിക്ക് ഉണ്ടായത് വളരെ താമസിച്ചായിപ്പോയി. ഇന്ന് 65 വയസ്സുള്ള ഞാൻ കഴിഞ്ഞ 35 വർഷത്തെ ശുശ്രൂഷ ഓർത്ത് വിലാപിക്കുന്നു. 2018 ഫെബ്രുവരി 11ന് ബെന്നിഹീൻ പോസ്റ്റ് ചെയ്ത ഫേസ്ബുക്ക് പോസ്റ്റിലെ രത്നചുരുക്കമാണ് ഇവിടെ വെളിപ്പെടുത്തിയത്.

ഈ പശ്ചാത്താപം അദ്ദേഹത്തെ അനുകരിച്ച് ശുശ്രൂഷകൾ ചെയ്തുപോരുന്ന ഏവർക്കും ഒരു തിരിച്ചടിയാണ് എന്നതിൽ തർക്കമില്ല. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് അനേകരെ വിഡ്ഢികളാക്കുന്ന ഏവർക്കും ഇതൊരു പാഠമാണ്. യുഗാന്ത്യസന്ദേശം വാർത്താപത്രികയുടെ പ്രസിദ്ധീകരണത്തിന്റെ ആരംഭകാലം മുതൽ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് സത്യസുവിശേഷത്തെ വികലമാക്കിക്കൊണ്ടിരിക്കുന്നവർക്കെതിരെ യുഗാന്ത്യസന്ദേശം പോരാടിയിട്ടുണ്ട്.

ലേഖനങ്ങൾ ആരേയും മുറിപ്പെടുത്താതെ എഴുതണമെന്ന് സ്നേഹിക്കുന്ന പലരും ഉപദേശിച്ചിട്ടുണ്ട്. അവർക്കും ബെൻഹിന്നിന്റെ മാനസാന്തരം ഒരു പാഠമാകും എന്ന് കരുതുന്നു. സുവിശേഷത്തിൽ പാപമോചനവും, രോഗസൗഖ്യവും ഉണ്ട്. രക്ഷ (Salvation) എന്ന പദത്തിന് അഞ്ചുവിധ അർത്ഥമുണ്ട്. വിടുതൽ സംരക്ഷണം, കരുതൽ, സൗഖ്യം, സ്വസ്ഥത, പാപമോചനത്തിൽ അടിസ്ഥാനപ്പെട്ടാണ് ഇതെല്ലാം ഉള്ളത്. പാപമോചനവും, രക്ഷയും ലഭിക്കാത്തവന് മറ്റ് എന്തെല്ലാം ലഭിച്ചാലും അവന്റെ പേര് ജീവപുസ്തകത്തിൽ കാണുകയില്ല. ഒന്നാമത് പ്രാപിക്കേണ്ടത് ആത്മരക്ഷയാണ്. അതോടുകൂടി എല്ലാം ഒരു ദൈവ പൈതലിന് അവകാശപ്പെട്ടതാണ്. തങ്ങളാൽ വളരെ വീര്യപ്രവർത്തികളും അത്ഭുതങ്ങളും നടന്നു എന്ന് സാക്ഷ്യം പറയുവാൻ ചെന്നവരോടും യേശു പറഞ്ഞത് ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കകൊണ്ട് സന്തോഷിപ്പീൻ എന്നാണ്.

പിശാചിനെ ഉരുവേറ്റി യേശുവിന്റെ നാമം വൃഥാ ഉപയോഗിച്ച് വെളിച്ച ദൂതന്റെ ഉദ്യോഗം ചെയ്യുന്ന ഏവരോടും വീണ്ടും ഉപദേശിക്കുന്നു. അനേകരെ വഞ്ചിക്കുന്ന നിങ്ങളുടെ ശുശ്രൂഷാ രീതികൾക്ക് മാറ്റം വരുത്തി സത്യസുവിശേഷം പ്രസംഗിച്ച് അനേകരെ ക്രിസ്തുവിനായി നേടുവാൻ തീരുമാനം എടുക്കുവാൻ തയ്യാറാക്കുക. ശുദ്ധയായ ഒരു മണവാട്ടിയെ ഒരുക്കിയെടുക്കുന്നതിൽ ഏവരും ശക്തരാകടെ. നമ്മുടെ യേശു മണവാളൻ വരാറായി ഒരുങ്ങാം, ഉണരാം, കാത്തിരിക്കാം.

## കർണ്ണാടക സ്റ്റേറ്റ് യുപിജി കോൺഫ്രൻസ്




**ബൈൻഡൂർ:** ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് യുപിജി കോൺഫ്രൻസ് ബൈൻഡൂരിൽ വച്ച് നടന്നു. യുപിജി കോർഡിനേറ്റർ പാസ്റ്റർ ജോയി സ്കറിയ, പാസ്റ്റർ ബോബി ജോർജ് എന്നിവർ സമ്മേളനത്തിന് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി കോൺഫ്രൻസ് ഉത്ഘാടനം ചെയ്തു. ഡോ. സുശീൽ മാത്യു, റവ. റ്റോം ജോസ് ജോളി, റവ. വി.വി. അലക്സാണ്ടർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് കൗൺസിലിനെ പ്രതിനിധികരിച്ച് പാസ്റ്റർ ഇ.ജെ. ജോൺസൻ, പാസ്റ്റർ ജയ്മോൻ കെ. ബാബു ആശംസകൾ അറിയിച്ചു.

## പതിനഞ്ചാമത് എംപിഎ യുകെ നാഷണൽ കോൺഫറൻസ് സമാപിച്ചു

**വെയ്ൽസ് :** യുകെയിലുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ പതിനഞ്ചാമത് നാഷണൽ കോൺഫറൻസ് 2018 മാർച്ച് 30 മുതൽ വെയ്ൽസിൽ നടന്നു. 2018 മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ വെയിൽസിലെ ന്യൂപോർട്ടിൽ നടന്നു. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 10:00 മുതൽ രാത്രി 09:00 മണി വരെയും ഞായറാഴ്ച്ച രാവിലെ 09:30 മുതൽ ഉച്ചയ്ക്ക് 01:00 മണി വരെ സംയുക്ത ആരാധനയും നടന്നു.

MPA UK പ്രസിഡന്റ് പാസ്റ്റർ ടി എസ് മാത്യു പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്ത കോൺഫ്രൻസിൽ പാസ്റ്റർ. റെജി മാത്യു ശാസ്താംകോട്ട, പാസ്റ്റർ എൻ പീറ്റർ, എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. കൂടാതെ യൂത്ത് സെക്ഷനിൽ പാസ്റ്റർ സി. എസ്. റോബിൻസൺ, സഹോദരിമാരുടെ സെക്ഷനിൽ സിസ്റ്റർ ഷൈനി തോമസും ശുശ്രുഷിച്ചു. എംപിഎ യുകെ നാഷണൽ ക്വയർ അംഗങ്ങളോടൊപ്പം ഡോ. ടോം ഫിലിപ്പ് തോമസ് ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യ ജീവനെ പിടിച്ചു കൊൾക' എന്നതായിരുന്നു. ഇപ്രാവശ്യത്തെ കോൺഫറൻസ് തീം.

പ്രസിഡന്റ് പാസ്റ്റർ റ്റി എസ് മാത്യു (07723399885), വൈസ് പ്രസിഡന്റ് പാസ്റ്റർ സജി മാത്യു (07903549094), സെക്രട്ടറി പാസ്റ്റർ വിൽസൺ ഏബ്രഹാം (07728267127), ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഡോണി ഫിലിപ്പ്, നാഷണൽ ട്രഷറർ ബ്രദർ മാമ്മൻ ജോർജ്ജ്, കോൺഫെറൻസ് കൺവീനർ പാസ്റ്റർ ഡിഗോൾ ലൂയിസ് , ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജിനു മാത്യു, മീഡിയ കോർഡിനേറ്റർ ഇവ. ഡോണി തോമസ്, മ്യൂസിക് കോർഡിനേറ്റർ ബ്രദർ. ഡേവിഡ് മാമ്മൻ, യൂത്ത് കോർഡിനേറ്റർ പാസ്റ്റർ ബെൻ മാത്യു, പ്രയർ കോർഡിനേറ്റർ പാസ്റ്റർ സിസിൽ ചീരൻ, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ വത്സമ്മ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം കോൺഫറൻസിന് നേതൃത്വം കൊടുത്തു.

## ഐ.പി.സി മീഡിയ ഗ്ലോബൽ മീറ്റ് ഡാളസിൽ ജൂലൈയിൽ

ഹൂസ്റ്റൺ: ഐ.പി.സിയിലെ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും അന്തർദേശീയ സംഘടനയായ ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ ആഭി മുഖ്യത്തിലുള്ള രണ്ടാമത് മീഡിയ ഗ്ലോബൽ മീറ്റ് അമേരിക്കയിൽ നടക്കും. 2018 ജൂലൈ 26 മുതൽ 29 വരെ ഡാളസിൽ ഹയാത്ത് റീജിയൻസി ഡി എഫ് ഡബ്ളിയുയിൽവച്ച് നടക്കുന്ന ഐ.പി.സിയുടെ 16 മത് ഫാമിലി കോൺഫറൻസിനോട് ബന്ധിച്ചാണ് അമേരിക്കയിലെ മാധ്യമ പ്രവർത്തകരും എഴുത്തുകാരും ഗ്രന്ഥകാരന്മാരും ഒത്തുകൂടുന്നത്.

ഗ്ലോബൽ മീറ്റിനോടനുബന്ധിച്ച് പെന്തെക്കോസ്ത് : മാധ്യമവും മാധ്യമ പ്രവർത്തനവും എന്ന വിഷയത്തെക്കുറിച്ചുള്ള അവതരണം, മാധ്യമ ചർച്ച, പുതിയ ചാപ്റ്റർ രൂപീകരണം, നയപ്രഖ്യാപനം എന്നിവ നടക്കുമെന്ന് രക്ഷാധികാരി പാസ്റ്റർ കെ.സി.ജോൺ,ചെയർമാൻ സി.വി.മാത്യു എന്നിവർ അറിയിച്ചു.

അസോസിയേഷൻ രക്ഷാധികാരി പാസ്റ്റർ കെ.സി.ജോൺ, ചെയർമാൻ സി.വി.മാത്യു, വൈസ് ചെയർമാൻ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ, എക്സിക്യൂട്ടീവ് ബോർഡംഗങ്ങളായ പാസ്റ്റർമാരായ അച്ചൻകുഞ്ഞ് ഇലന്തൂർ, സി.പി.മോനായി, എം.വി.ഫിലിപ്പ്, സിസ്റ്റർ സ്റ്റാർലാലൂക്ക് എന്നിവർ പങ്കെടുക്കും.

അമേരിക്കയിലെ എക്സിക്യൂട്ടിവ് അംഗങ്ങളായ മാധ്യമ പ്രവർത്തകർ റോയി വാകത്താനം, കുര്യൻ ഫിലിപ്പ്, ഷാജി കാരയ്ക്കൽ, വെസ്ളി മാത്യു, ഉമ്മൻ എബനേസർ, നിബു വെള്ളവന്താനം, രാജൻ ആര്യപ്പള്ളി, ജോർജ് ഏബ്രഹാം എന്നിവർ നേതൃത്വം നല്കും.

2018 ജനുവരി 19ന് ആണ് ആദ്യത്തെ ഗ്ലോബൽ മീറ്റ് കുമ്പനാട് വെച്ച് നടന്നത്.

അന്ന് ഐ.പി.സിയുടെ ഗ്ലോബൽ മീഡിയ അസോസിയേഷൻ നിലവിൽ വന്നു.

ഡാലസിൽ നടക്കുന്ന ഗ്ലോബൽ മീറ്റിനു ശേഷം ജനുവരിയിൽ യു.എ.ഇ യിലും ഫെബ്രുവരിയിൽ ബോംബെയിലും ഗ്ലോബൽ മീറ്റുകൾ നടക്കും.

മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ഫാമിലി മീറ്റ്, അന്തർദേശീയ എഴുത്ത് ശില്പശാല, മാധ്യമ പുരസ്കാരം, അന്തർദേശീയ ബുക്ക് പ്രസാധനം, സാമ്പത്തിക ബുദ്ധിമനുഭവിക്കുന്ന എഴുത്തുകാർക്കും മാധ്യമ പ്രവർത്തകർക്കുമുള്ള ക്ഷേമപ്രർത്തനങ്ങൾ, പുതിയ ചാപ്റ്റർ രൂപീകരണം, അംഗീകൃത ഐഡൻറിറ്റി കാർഡ് വിതരണം തുടങ്ങിയവയാണ് ഈ പ്രാവശ്യത്തെ പ്രധാന പ്രവർത്തനങ്ങളെന്ന് മീഡിയ ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ കോർഡിനേറ്റർ ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു. അമേരിക്കയിൽ നടക്കുന്ന ഗ്ലോബൽ മീറ്റിന്റെ പ്രധാന ചുമതല സെക്രട്ടറി ഫിന്നി രാജു ഹൂസ്റ്റൺ (ഫോൺ:832 646 9078) നിർവഹിക്കും.

ഐ.പി.സി. ഫാമിലി കോൺഫറൻസ് ഭാരവാഹികളായ ഡോ. ബേബി വർഗീസ് (നാഷണൽ കൺവീനർ), അലക്സാണ്ടർ ജോർജ് ( നാഷണൽ സെക്രട്ടറി), ജയിംസ് മുളവന ( നാഷണൽ ട്രഷറാർ), നാൻസി ഏബ്രഹാം (ലേഡീസ് കോർഡിനേറ്റർ) എന്നിവർ മുഖ്യാതിഥികളായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: ഫിന്നി രാജു ഹൂസ്റ്റൺ 832 646 9078

E-mail Us :
ysandhesham@saintly.com
Call Us :
9446532838,9447313709
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 100 രൂപ
വിദേശത്തേയ്ക്ക് : 50$

# രക്തസാക്ഷികൾ

കഴിഞ്ഞ ലക്കം തുടർച്ച



പാസ്റ്റർ എം.കുഞ്ഞപ്പി

### നാല്പതു രക്തസാക്ഷികൾ

ലിസിനയസ് അർമ്മിനിയിലെ ക്രിസ്ത്യാനികളെ പീഢിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് സെബാസ്റ്റി എന്ന സ്ഥലത്ത് തണ്ടറിംഗ്ലീജിയൻ എന്ന തന്റെ ഒരു സൈന്യവിഭാഗം പാളയം അടിച്ചിരുന്നു. അവരുടെ സംഘത്തിൽ ക്രിസ്തീയ യോദ്ധാക്കൾ ഉണ്ടായിരുന്നു. അവരെ നിഷ്ഠൂരമായി വധിക്കുവാൻ ചക്രവർത്തിയുടെ വിധിയുണ്ടായി.

ഒരു ശൈത്യകാലത്തായിരുന്നു അവർ പീഢിപ്പിക്കപ്പെട്ടത്. ഒരു കുളത്തിൽ തണുത്തുറഞ്ഞു കിടക്കുന്ന ജലത്തിന്റെ ഉപരിതലത്തിൽ നാല്പതുപേരെയും മുഴുരാത്രിയും കിടത്തി കഷ്ടപ്പെടുത്തി. കുളത്തിന്റെ കരയിൽ ഒരു നല്ല കുടിലും തണുപ്പുമാറ്റുന്നതിനുള്ള സകല സജ്ജീകരണങ്ങളും ചെയ്തിരുന്നു. കുളത്തിൽ ഇടപ്പെട്ടവരിൽ ആരെങ്കിലും വിശ്വാസം ത്യജിക്കുന്ന പക്ഷം അവരെ കുടിലിൽ സ്വീകരിച്ചു രക്ഷ ചെയ്യുന്നതിനു പ്രത്യേക ആജ്ഞ ചക്രവർത്തി നല്കിയിരുന്നു.

മണിക്കൂറുകൾ പലതു കഴിഞ്ഞു. ശൈത്യക്കാറ്റു ഉഗ്രമായി വീശി. കുളത്തിൽപ്പെട്ട രക്തസാക്ഷികൾ തണുപ്പു സഹിക്കവഹിയാതെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയും പ്രാർത്ഥനയിൽ പോരാടുകയും തങ്ങളുടെ അരുമനാഥനെ പാടി സ്തുതിക്കുകയും ചെയ്തു. അവർക്കായി ഒരുക്കിയിട്ടുള്ള കിരീടങ്ങൾക്കായി അവർ ദൈവത്തെ വാഴ്ത്തി. പ്രഭാതത്തോടടുത്തു അവരെ കാവൽ ചെയ്തിരുന്ന ഭടൻ ഭടൻ കുളത്തിലേക്കു നോക്കിനിൽക്കെ ശോഭയേറിയ നാല്പതു കിരീടങ്ങൾ മുകളിൽ നിന്ന് ഇറങ്ങി വരുന്നതു കണ്ടു. അവയിൽ മുപ്പത്തൊൻപത് എണ്ണം സത്യത്തിനായി നിലകൊണ്ട് കുളത്തിലായിരുന്ന മുപ്പത്തൊൻപതുപേരുടെയും ശിരസ്സുകളിൽ പതിച്ചു. ശേഷിച്ച ഒരെണ്ണം അന്തരീക്ഷത്തിൽ ചലിച്ചുകൊണ്ടിരുന്നു. കുളത്തിൽ ആയിരുന്ന നാല്പതു ക്രൈസ്തവ യോദ്ധാക്കളിൽ ഈ ശ്രേഷ്ഠ കിരീടം നഷ്ടപ്പെടുത്തിയ നിർഭാഗ്യവാൻ ആരായിരിക്കും എന്ന ഉത്കണ്ഠ കാവൽ ഭടനിൽ അങ്കുരിച്ചു. നാല്പതുപേരിൽ ഒരാൾ ഇതിനകം കുടിലിൽ തണുപ്പുമാറി ആശ്വസിക്കുവാൻ എത്തിക്കഴിഞ്ഞിരുന്നു. കാവൽ ഭടൻ ഒട്ടും അമാന്തിച്ചില്ല. ആ നിർഭാഗ്യവാൻ നഷ്ടപ്പെടുത്തിയ കിരീടം പ്രാപിക്കുന്നതിനു 'ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു' എന്നു ഏറ്റു പറയുകയും തന്മൂലം കുളത്തിൽ ചാടുകയും ചെയ്തു. പുലർച്ചയ്ക്ക് അവർ എല്ലാവരും മൃതിയടഞ്ഞിരുന്നു.

### സിമ്പറോസയും ഏഴു പുത്രന്മാരും

സിമ്പറോസ എന്ന ഒരു ക്രിസ്തീയ വനിതയും ദൃഢഗാത്രരായ അവളുടെ ഏഴു പുത്രന്മാരും പീഢിപ്പിക്കപ്പെട്ടു. അവരെ കുറെക്കാലം കാരാഗൃഹത്തിൽ സൂക്ഷിച്ചിരുന്നു. അനന്തരം ശത്രുക്കൾ മാതാവിനെ വാറുകൊണ്ടു അടിക്കുകയും ഹെർക്കുലീസ് എന്ന ദേവന്റെ ക്ഷേത്രത്തിന്റെ ഉത്തരത്തിൽ ബന്ധിച്ച് അർദ്ധനഗ്നനാക്കി തൂക്കിയിടുകയും ചെയ്തു. പുത്രന്മാരെ അവളുടെ മുമ്പിൽ വച്ചു ക്രൂരമായി വധിച്ചു. അനന്തരം മാതാവിനെ താഴെ ഇറക്കി കഴുത്തിൽ വലിയ കല്ലു കെട്ടി നദിയുടെ ആഴത്തിൽ താഴ്ത്തിക്കളഞ്ഞു. അങ്ങനെ അവർ തനിക്കായി തയ്യാറാക്കിയിരുന്ന കിരീടത്തിന്റെ അവകാശിയായി.

CHURCH OF GOD KARANATAKA STATE
BETHESTHA
BIBLE INSTITUTE, BANGALORE

♦ കർണാടക സ്റ്റേറ്റിലെ സുവിശേഷീകരണത്തിനായി കന്നട ഭാഷയിൽ ദൈവവചനം പഠിപ്പിക്കുന്നു.
♦ ഫുൾ സ്കോളർഷിപ്പ് നല്കി പഠിപ്പിക്കുന്നു.
♦ പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുന്നു.

അഡ്മിഷൻ ആവശ്യമുള്ളവർ ബന്ധപ്പെടുക
ഡയറക്ടർ : ഫോൺ – 8848403115
രജിസ്ട്രാർ : 9482169185

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Mount Zion
Bible Seminary
Mulakuzha P.O., Chengannur - 689 505, Kerala, India
Mob : 9447799659, 9446532838
Email: mtzionseminary@yahoo.com

| Courses | | |
|---|---|---|
| M.Div | 3 Years | B.A./BSC or equivalent English |
| M.Div | 2 Years | B.Th. (ATA or Serampore) English |
| B.Th. | 3 Years | +2 Pass English |
| G.Th. | 3 Years | 10th Pass |
| DCPC | 1 Year | B.Th or other Degree |

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ നേതൃത്വത്തിൽ ATA അംഗീകാരത്തോടെയും ചർച്ച് ഓഫ് ഗോഡ് ഇന്റർനാഷണൽ IV ലവൽ അംഗീകാരത്തോടെയും നടത്തപ്പെടുന്ന മൗണ്ട് സയോൺ ബൈബിൾ സെമിനാരിയിലേക്കും, ബഥേൽ ലേഡീസ് ബൈബിൾ കോളേജിലേക്കും കണ്ണൂർ പാരാൻ ബൈബിൾ കോളേജിലേക്കും അഡ്മിഷൻ ആവശ്യമുള്ളവർ ഉടൻ ബന്ധപ്പെടുക. 9446532838, 9447799659






▸▸ 1,2, and 3 Bedrooms Home stay Accomidation
▸▸ Daily / Weekly
▸▸ Suitable for all purpose

മാങ്കുളങ്ങര ഹോം സ്റ്റേ
രാമൻചിറ, തിരുവല്ല – 1
(ബഹു. കേരള ഗവൺമെന്റ് അംഗീകൃത സ്ഥാപനം)
Ph: +91 -9447766394, 0469 2604394

▸▸ മലയാളികളുടെ സ്വപ്നഭൂമിയായ തിരുവല്ലയിൽ, പട്ടണത്തിന്റെ ഹൃദയഭാഗത്ത് അടുത്ത പത്ത് വർഷത്തേയ്ക്ക് ആധുനിക ജീവിത സൗകര്യങ്ങളോട് കൂടിയ താല്കാലിക വസതികൾ
▸▸ ഒരു കിടക്കമുറി/ രണ്ട് കിടക്കമുറികൾ / മൂന്ന് കിടക്കമുറികൾ അടങ്ങിയ യൂണിറ്റുകൾ ആവശ്യാനുസരണം തെരഞ്ഞെടുക്കാം.
▸▸ ഭാരിച്ച നിക്ഷേപങ്ങളോ, ചെലവുകളോ, ബാധ്യതകളോ വരുന്നില്ല.
▸▸ നിങ്ങൾക്കോ, നിങ്ങൾ നിർദ്ദേശിക്കുന്ന മറ്റുള്ളവർക്കോ വന്നു താമസിക്കാം.
▸▸ ഇപ്പോഴത്തെ നിരക്കിൽ തന്നെ അടുത്ത പത്ത് വർഷത്തേക്കുള്ള താമസസൗകര്യം.
▸▸ സേവന തല്പരരായ ജോലിക്കാർ
▸▸ ശുദ്ധമായ കിണർവെള്ളം സമൃദ്ധിയായി

MANKULANGARA TRAVELS
Ramenchira, Thiruvalla - 1
Ph: +91 9947457838, 0469 2604394
For More information Please Visit our Website
www.mankulangarahomestay.com
E-mail: mankulangarahillvillas@gmail.com

# കാലു കഴുകലും കാല് വാരലും



ജോൺസൺ കണ്ണൂർ
9847518230

**വ**ർഷാവസാനം പാദം കഴുകൽ ശുശ്രൂഷ നടത്തിയിട്ടേ ചിലർ കർത്തൃമേശ എടുക്കുകയുള്ളു. ക്രിസ്തു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയപ്പോൾ നമ്മൾ തമ്മിൽ തമ്മിൽ ശ്രേഷ്ഠരെന്ന് കണക്കാക്കുയും അന്യോന്യം ആദരിക്കുകയും ചെയ്യണമെന്ന വലിയ സന്ദേശമാണ് അതിലൂടെ നൽകുന്നത്. “നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കു ഒരു മാതൃക നൽകിയിരിക്കുന്നു” (യോഹ. 13:14–15).

ഇവിടെ കർത്താവ് ഒരു മാതൃക കാണിച്ചുതരികയാണ്. പ്രാർത്ഥനയുടെ മാതൃകയാണ് അവരെ പഠിപ്പിച്ചത്. എല്ലാ ദിവസവും സഹോദരന്റെ കാല് കഴുകുവാൻ പറ്റുമോ? ഒരിക്കലുമില്ല. എന്നാൽ എല്ലാ ദിവസവും എല്ലാ സമയത്തും തമ്മിൽ തമ്മിൽ ആദരിക്കുകയും സ്നേഹിക്കുകയും വേണമെന്നാണ് ഇതിലെ സന്ദേശം. 1 പത്രോസ് 2:21 നോക്കുക.

നിങ്ങൾ അവന്റെ കാൽചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു. നമുക്കുവേണ്ടി കഷ്ടമനുഭവിച്ച ക്രിസ്തുവിന്റെ മാതൃക. നമുക്ക് ക്രിസ്തുവിനെപ്പോലെ ക്രൂശിക്കപ്പെടാൻ കഴിയില്ല. എന്നാൽ തന്നെത്താൻ ത്യജിച്ച് നാൾതോറും ആ ക്രൂശിന്റെ അനുഭവം ജീവിതത്തിൽ ഉണ്ടാവണം.

ഇവിടെ നേതാക്കന്മാർ സാധാരണക്കാരന്റെ കാല് കഴുകുവാൻ തയ്യാറാണോ?

അത് ജന്മത്തിൽ ചിന്തിക്കേണ്ട.

പരമാവധി അണികളെക്കൊണ്ട് അവരുടെ കാല് കഴുകിക്കും. ചിലർ തിരുമ്മിക്കും. പിന്നെ എന്തിനാണ് വേഷം കെട്ടലുകൾ. ഇഷ്ടമുള്ള രണ്ട് പേർ ചേർന്നിരിക്കും. അവർ തമ്മിൽ നേരത്തേ പറഞ്ഞുവെച്ചതനുസരിച്ച് എഴുന്നേറ്റ് പോകും. കാല് കഴുകി മടങ്ങിവരും. അക്ഷരാർത്ഥത്തിൽ കാല് കഴുകി പ്രദർശനം നടത്തുവാനല്ല സഹോദരനോട് ഉണ്ടാകേണ്ട മാനസിക നില ഇപ്രകാരമായിരിക്കേണം എന്ന് കാണിച്ചുതരികയായിരുന്നു.

കാലിന് വ്രണമുള്ള ഒരു വ്യക്തിയുടെ പാദം കഴുകുവാൻ തയ്യാറാകുമോ? ശിഷ്യന്മാർ യേശുവിന്റെ കാലുകൾ കഴുകിയതായിട്ടില്ല. നിങ്ങൾ എന്റെ കാല് കഴുകുവിൻ എന്ന് യേശു ആവശ്യപ്പെടുന്നുമില്ല. എന്നാൽ നാം തമ്മിൽ തമ്മിൽ ഈ മനോഭാവത്തോടെ ജീവിക്കണമെന്ന സന്ദേശമാണ് നൽകുന്നത്. യേശു പരിശുദ്ധനാണ്. അവന് മനുഷ്യരുടെ തണുപ്പിക്കൽ വേണ്ട. അവന്റെ കാൽ മനുഷ്യർ കഴുകേണ്ടതില്ല.

മദർ തെരേസയും ഗ്രഹാംസ്റ്റെയിൽസും തുടങ്ങിയവർ ചെയ്തതല്ലേ യഥാർത്ഥ പാദം കഴുകൽ ശുശ്രൂഷ. അത്രയൊന്നും സാധിച്ചില്ലെങ്കിലും നമ്മളാൽ കഴിയുന്നത്ര നമുക്കു ചുറ്റുപാടുമുള്ള പ്രിയപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ചെയ്വാൻ കഴിഞ്ഞാൽ അതിലാണ് സ്വർഗ്ഗം പ്രസാദിക്കുന്നത്. അല്ലാതെ മറ്റുള്ളവരെ കാണിക്കാൻ കെട്ടുന്ന ഒരുതരം പ്രച്ഛന്ന വേഷത്തിലല്ല.

മേയർ പോൾ എന്ന ചിന്തകന്റെ ഭാഷയിൽ “അത്താഴത്തിൽ നിന്ന് അവൻ എഴുന്നേറ്റത് സ്വർഗ്ഗത്തിൽ അവന്റെ വേർപാടിനെ കാണിക്കുന്നു. വസ്ത്രം ഊരിവെച്ചത് സ്വർഗ്ഗീയ മഹത്വും പ്രതാപവും ഊരിവെച്ചതിന് നിദർശനമാണ്. തുവർത്തും പാത്രവും എടുത്തത് അവൻ സ്വീകരിച്ച ദാസരൂപത്തിന് തുല്യമാണ്. ശിഷ്യന്മാരുടെ പാദാന്തികത്തിലേക്ക് അവന്റെ തലകുനിച്ചത് കാൽവറിയിൽ നിന്ദിക്കപ്പെട്ട വിനീതത്വത്തിന് നിഴലാണ്.

പാദങ്ങൾ കഴുകിയത് പാപക്കറ കഴുകികളയേണ്ടതിന് വേണ്ടി അവനുണ്ടായ താഴ്ചയ്ക്ക് നിദർശനമാണ്.

നിഴലായി പാദം കഴുകി കാണിച്ചെങ്കിൽ അതിന്റെ പൊരുൾ കാൽവറി ക്രൂശിലാണ് കാണുന്നത്. നമ്മുടെ സ്വയത്തെ ക്രൂശിച്ച് കഴിയുമ്പോൾ മാത്രമേ ഇവയൊക്കെ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുവാൻ കഴിയൂ.

‘‘തമ്മിൽ ഐകൃമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോട് ചേർന്നു കൊൾവിൻ. നിങ്ങളെ തന്നെ ബുദ്ധിമാന്മാർ എന്ന് വിചാരിക്കരുത് (റോമർ 12:16). ഇതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടണം. സാധുക്കളെ കണ്ടാൽ ചിരിക്കാൻ മനസ്സില്ലാത്തവർ എളിയവരോട് ചേർന്നു നിൽക്കുമോ? ഒപ്പത്തിനൊപ്പം ഇല്ലാത്തവരോട് ഉരിയാടാത്ത പാഴ്ജന്മങ്ങൾ.... ഇവരും കാല് കഴുകൽ ചടങ്ങിന് മുൻപന്തിയിലാണ്. ദൈവം ഹൃദയങ്ങളെയാണ് തൂക്കിനോക്കുന്നത്. പുറമേയുള്ള പരിച്ഛേദനയല്ല മറിച്ച് ഹൃദയപരിച്ഛേദനയാണ് വേണ്ടത്. യാഗത്തിലല്ല കരുണയിലാണ് പ്രസാദിക്കുന്നത്. മറ്റുള്ളവരുടെ മുമ്പിൽ വിളങ്ങേണ്ടുതന്നിന് ചെയ്യുന്ന ഒരു കാര്യത്തോടും ക്രിസ്തുവിന് യോജിക്കാൻ കഴിയില്ല. മറ്റുള്ളവർക്ക് ഭിക്ഷ കൊടുക്കുന്നതായാലും പ്രാർത്ഥിക്കുന്നതായാലും പരസ്യമായി വിളങ്ങേണ്ടതിന് ഒന്നും ചെയ്യരുത് എന്നതാണ് കർത്താവിന്റെ തത്വം. അങ്ങനെയെങ്കിൽ ഈ പാദം കഴുകൽ ഒരുതരം മനുഷ്യർക്ക് കാണുവാനുള്ള പ്രദർശനമല്ലേ.

നേതാവാകുന്നവൻ കർത്തൃത്വം നടത്തുന്നത് ലോകത്തിന്റെ തത്വം. എന്നാൽ നേതാവാകുവാൻ ദാസനായിത്തീരുന്നതാണ് സുവിശേഷത്തിന്റെ തത്വം. അതാണ് ദൈവരാജ്യത്തിന്റെ പെരുമാറ്റച്ചട്ടം. യഥാർത്ഥ മനുഷ്യത്വം ക്രിസ്തുവിലാണ് നമുക്ക് കാണുവാൻ കഴിയുന്നത്. പാപം ചെയ്യുന്നതിന് മുമ്പ് ആദാമിലുണ്ടായിരുന്ന യഥാർത്ഥ മനുഷ്യത്വം ക്രിസ്തുവിൽ കാണാം. പാപപ്രകൃതം വന്നതോടെ നമ്മുടെ മനുഷ്യത്വം കെട്ടുപോയി.

എന്നാൽ വീണ്ടുംജനനത്താൽ ക്രിസ്തു ഹൃദയത്തിൽ വരുന്നതോടെ ക്രിസ്തുവിന്റെ മനോഭാവം ജീവിതത്തിൽ വെളിപ്പെട്ടുവരണം.

ഇന്ന് പരസ്യമായി കാല് കഴുകലും രഹസ്യമായി കാലുവാരലുമാണ് നടക്കുന്നത്. നേതാക്കന്മാരിലും സാധാരണക്കാരിലും ഈ പ്രതിഭാസം കാണുവാൻ കഴിയും. ആത്മീയത കേവലം പ്രചരണ വേഷമായി. ഇത് ഒരുതരം കപടഭക്തിയാണെന്ന് തിരുവെഴുത്ത് പറയുന്നു.

“അങ്ങനെ തന്നേ പുറമേ നിങ്ങൾ നീതിമാന്മാർ എന്ന് മനുഷ്യർക്ക് തോന്നുന്നു; അകമെയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രേ” (മത്തായി 23:28).

ഇവിടെ പരീശന്മാരെ വെള്ള തേച്ച ശവക്കല്ലറയോട് കർത്താവ് ഉപമിക്കുകയാണ്. പുറമേ അഴകായ് ശോഭിക്കുന്നു. അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അവനവന്റെ കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി മറ്റുള്ളവരുടെ കുതികാല് വെട്ടുന്നവർ പെരുകിവരുന്നു.

ഒരു വർഷം മുഴുവൻ കാലുവാരിയിട്ട് ഡിസംബർ 31–ന് കാലു കഴുകി ശുഭം പര്യവസാനം കുറിക്കുന്ന കപട ആത്മീയതയ്ക്ക് അറുതി വരണം.

# എബ്രായ ലേഖനം ഒരു പഠനം (13)



പാസ്റ്റർ ജോൺസൺ ജോർജ്
9207131095

**ക**ർത്താവായ യേശുക്രിസ്തു പ്രവാചകരിലും ദൂതന്മാരിലും ശ്രേഷ്ഠനാകുന്നു എന്ന് എബ്രായലേഖനകാരൻ പറഞ്ഞുവരികയാണ് ആ പട്ടികയിൽ അടുത്തത് ......

♦ **യേശുക്രിസ്തു ദൈവത്വത്തിന്റെ മുദ്ര ത്രിത്വത്തിന്റെ മുദ്രയും**

അവരെക്കാൾ ശ്രേഷ്ഠനായിത്തിരുകയും ചെയ്തു. പഴയനിയമ പ്രവാചകന്മാർക്കോ, ദൈവദൂതന്മാർക്കോ ദൈവത്തിന്റെ മുദ്ര എന്ന വിശേഷണം ചേരില്ല. മലയാള വിവർത്തനത്തിലെ തത്വത്തിന്റെ മുദ്ര എന്ന പ്രയോഗം സാമാന്യ ബുദ്ധിക്കു ഗ്രഹിക്കാൻ പ്രയാസമാണ്. അത്രകണ്ട് അത് ലളിതമല്ല. ലേഖനകാരൻ ഉദ്ദേശിക്കുന്ന ആശയം വ്യക്തമാക്കുവാൻ നമ്മുടെ ഭാഷയിലെ വാക്കുകളുടെ ദാരിദ്ര്യമാണ് ഈ കടുകട്ടി പ്രയോഗത്തിന് കാരണം. The Express image of his person എന്നാണ് ആംഗലേയത്തിൽ. The exact representation of God എന്നാണ് വേറൊരു തർജമ. ആശയം മനസിലാക്കാൻ ഇംഗ്ലീഷ് ഭാഷാന്തരമാണ് കൂടുതൽ ഉത്തമം. ദൈവം എന്ന ആളത്വത്തിന്റെ വെളിപ്പെടുത്തപ്പെട്ട, കാണപ്പെടുന്ന പ്രതിമ, അഥവാ തത്സ്വരൂപം എന്ന് സാരം. യേശുക്രിസ്തുവിന്റെ ദൈവത്വത്തിന്റെ അതിശക്തമായ തെളിവാണിത്. The very image of his substance എന്ന് RV bnepw the exact representation of his nature എന്ന് NASB യിലും വിവർത്തനം ചെയ്തിരിക്കുന്നു.

ആളത്വത്തിന്റെ പ്രതിമ, സാരാംശത്തിന്റെ പ്രതിമ, ദൈവകൃപയുടെ പ്രദർശനം എന്നെല്ലാമാണ് ഇതിൻറെ ആശയം. ദൈവം തന്റെ അന്തസത്തയിൽ എന്താണോ അതുതന്നെയാണ് ക്രിസ്തുവും.

ഇത് സംബന്ധിച്ച് വിൻസെന്റ് ഇങ്ങനെ പറയുന്നു ദൈവസത്തയുടെ ഗാംഭീര്യവും മഹത്വവും പുത്രൻ സ്വന്ത ആളത്വത്തിൽ പ്രദർശിപ്പിക്കുന്നു. ‘പ്രഭ കൂടാതെ സൂര്യൻ ദൃശ്യമല്ലാത്തതുപോലെ പുത്രനെക്കൂടാതെ പിതാവിനെ കാണുക സാധ്യമല്ല.

തത്വത്തിന്റെ മുദ്ര ബൈബിളിൽ ഇവിടെ മാത്രമേ ഈ പ്രയോഗമുള്ളു. എന്തെങ്കിലും ഒന്നിനേയോ, ഏതെങ്കിലും ഒരു വ്യക്തിയെയോ പ്രതിനിധാനം ചെയ്യുന്ന മുദ്രയാണിത്. മേലെഴുത്ത് എന്ന വാക്ക് ഈ മുദ്രയെയാണ് കാണിക്കുന്നത്. തനിക്കെതിരെയുള്ള ഒരു ദുരാരോപണത്തെ ഖണ്ഡിക്കുവാൻ കർത്താവ് ഒരിക്കൽ ഒരു നാണയം ആവശ്യപ്പെട്ടത് ഓർമ്മയുണ്ടല്ലോ. അതുയർത്തി ‘ഇതിലെ സ്വരൂപവും മേലെഴുത്തും ആരുടേത് എന്ന് അവിടുന്ന് ചോദിച്ചപ്പോൾ കൈസരുടെത് എന്ന് ജനം ഉത്തരം പറഞ്ഞു.

കൈസർക്കുള്ളത് കൈസർക്ക് എന്നാണ് കർത്താവിന്റെ പ്രതികരണം. ആ നാണയത്തിലെ മേലെഴുത്തും സ്വരൂപവും കൈസർ പ്രതിനിധാനം ചെയ്യുന്നത് പോലെ ദൈവം എന്ന സത്തയുടെ ആളത്വയുമായ് യേശുവിനെ കാണണം. അതുകൊണ്ട് പിതാവിന് ആളത്വം ഇല്ല എന്ന് ധരിക്കരുത്. ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമ (കൊലോ:1:15)

എന്നും ദൈവപ്രതിമയായ ക്രിസ്തു (2കൊരിന്ത്:4:4) എന്ന് പൗലോസ് പറയുന്നത് ഈ അർത്ഥത്തിലാണ്. നിർജ്ജീവ ദൈവങ്ങൾക്ക് നിർജ്ജീവ പ്രതിമ എന്നോണം ജീവനുള്ള ദൈവത്തിനു ജീവനുള്ള പ്രതിമയാണ് ക്രിസ്തു.

ആരും ഒരുനാളും കണ്ടിട്ടില്ലാത്ത ദൈവത്തെ ഏകജാതനായ പുത്രൻ വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ:1:18). ക്രിസ്തു ദൈവത്തിന്റെ തത്വത്തിന്റെ മുദ്ര എന്ന് എബ്രായലേഖന പരാമർശം. ആദൃശ്യതയുടെ ദൃശ്യതയാണ് പ്രതിമ കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യവൽക്കരണമാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ സാക്ഷാത്കൃതമായത്. അതുകൊണ്ടാണ് ഞങ്ങൾക്ക് പിതാവിനെ കാണിച്ചുതന്നാൽ മതി കർത്താവേ എന്നാവശ്യപ്പെട്ട ഫിലിപ്പോസിനോട് ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു (യോഹന്നാൻ:14:810) എന്ന് പറയുന്നതിന്റെ പൊരുൾ തിരിയുന്നുണ്ടോ ? ഇതോട് ചേർത്ത് ഞാനും പിതാവും ഒന്നാകുന്നു (യോഹന്നാൻ:10:30) എന്ന് തിരുവായ്മൊഴി കുട്ടിവായിക്കണം. ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം (ഫിലിപ്പ്:2:6) എന്ന പൗലോസി വചനം കുടെ ചേർത്തുവച്ചാലോ ? ക്രിസ്തുവിനെ കൂടാതെ സത്യദൈവത്തെ മനുഷ്യൻ അറിയാൻ സാധ്യമല്ല. ഒരു സത്യക്രിസ്ത്യാനിക്കു ലഭിച്ച ദൈവപരിഞ്ജ്ജാനം ഇതര ചിന്താസരണിയിൽപ്പെട്ട ആർക്കെങ്കിലും ഉണ്ടോ എന്ന് നിഷ്കളങ്കമായി ഒന്ന് പരീക്ഷിക്കൂ. ക്രിസ്തു വെളിപ്പാടിൽ മാത്രമല്ല സത്താപരമായിത്തന്നേ ദൈവമാണ്. പ്രതിമ, മുദ്ര എന്നതിന്റെ ഗ്രിക്ക് ശബ്ദം (ഇക്കോൺ) എന്നാണ്.

ഈ വാക്കിൽ നിന്നാണ് ഐക്കോൺ എന്ന ഇംഗ്ലീഷ് പദത്തിന്റെ ജന്മം. ഒന്നിന്റെ തനത് രൂപമുള്ള മറ്റൊന്നാണ് ഇക്കോൺ. അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായ് വസിക്കുന്നത് (കൊലോ:2:9) ദേഹരൂപം എന്ന പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്. ദൈവത്തിന്റെ ദേഹരൂപം ക്രിസ്തുവിൽ വസിക്കുന്നു. ക്രിസ്തു ദൈവത്തിന്റെ പ്രതിബിംബമാണെന്നർത്ഥം എന്നത് സംബന്ധിച്ചുള്ള പഠനം ക്രിസ്തുവിൽ നിന്ന് ക്രിസ്തുശിഷ്യരിലേക്ക് നീളുന്നതാണ്. എബ്രായ ലേഖനത്തിലെ പ്രസ്തുത ഭാഗത്തെ പ്രമേയം അതല്ലാത്തതുകൊണ്ട് ഇവിടെ ചർച്ച ചെയ്യുന്നില്ല. മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിൻമേൽ തേജസ്സ് പ്രാപിച്ചു അതെ പ്രതീകമായി രൂപാന്തരപ്പെടുന്നു (2കൊരിന്ത്:4:18) ഈ വാക്യത്തിലെ പ്രതിബിംബവും പ്രതിമയും അനുവാചകരുടെ പഠനത്തിന് വിടുന്നു.

(തുടരും)

## ദുരഭിമാന കൊല കേരളത്തിലും

(2–ാം പേജ് തുടർച്ച)

സ്ഥാപിക്കാൻ അവർ കണ്ടെത്തിയ മാർഗ്ഗമാണ് ജാതിവ്യവസ്ഥ. ജനങ്ങളുടെ ഇടയിൽ ആദ്യമെല്ലാം വൻ പ്രതിഷേധങ്ങളും സംഘർഷങ്ങളും നിലനിന്നിരുന്നു എന്നും രാജാക്കന്മാരുടെ ഇടയിൽ നടന്ന പരിവർത്തനവും പലർക്കും അനൗചിത്യ പൂർവ്വമായ സ്ഥനമാനങ്ങൾ നൽകപ്പെട്ടത് സാമാന്യ ജനത്തിന് ഇഷ്ടമായിരുന്നില്ല എന്നുമാണ് വിശ്വസിക്കുന്നത്. ഒരേ തൊഴിൽ ചെയ്ത് ജീവിക്കുന്നവരെല്ലാം തന്നെ തൊഴിലിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടു രക്തബന്ധമുള്ളവർ പോലും വിവിധ ജാതിക്കാരായി. ഒരു ബന്ധമില്ലാത്ത പലരും ഒരേ ജാതിക്കാരായിത്തീർന്നു. ഈ ജാതികൾ തമ്മിൽ ഐക്യം ഉണ്ടാവുകയും അത് തങ്ങളുടെ ഭാവിക്ക് അപകടം സൃഷ്ടിക്കുവാൻ ഇടയാവുകയും ചെയ്യാതിരിക്കാൻ ജാതികൾ താഴ്ന്ന ജാതിക്കാരോട് തൊടൽ തീണ്ടൽ എന്നീ അതിർ വരമ്പുകൾ സൃഷ്ടിച്ചു. എല്ലാ ജാതിക്കാർക്കും ഇത് താഴ്ന്ന ജാതിക്കാരോട് പ്രയോഗിച്ച് ചാരിതാർത്ഥ്യം അടയാൻ പറ്റുന്ന ഒരു അഭിമാനപ്രശ്നമാക്കി മാറ്റി. ഇത് സംഘടിത ശക്തി ചെറുക്കാനുള്ള ജന്മി മേധാവിത്യത്തിന്റെ വജ്രായുധമായിരുന്നു.ഭൗതികമായ വളർച്ചകൊണ്ടുമാത്രം ഒരുവൻ പൂർണ്ണനായിത്തീരുന്നില്ല. അതിന് ആത്മീയമായ ഉന്നതിയും കൂടിയേ തീരൂ. പൂർണ്ണതയുള്ള ഒരു വ്യക്തിവിശേഷം ലഭിക്കുക എന്നത് അസാധാരണമാണ്. അത്തരം വ്യക്തികൾ എന്തിലും ഏതിലും നന്മയെക്കുറിച്ചു മാത്രം ചിന്തിക്കുന്നു. ജാതിയ വ്യവസ്ഥകളിൽ പുനസൃഷ്ടിക്കപ്പെടുന്നതാകട്ടെ വർണാശ്രമവ്യവസ്ഥിതിയുടെ ജാതി– വംശ വരേണ്യ ബോധമാണ്. ശുദ്ധ അശുദ്ധാ വാദങ്ങളും തൊട്ടു കൂടായ്മയും തീണ്ടികൂടായ്മയും ഇന്നും സമൂഹത്തിൽ അവശേഷിക്കുന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ പ്രവണത വളരെ അപകടകരമാണ്. ഭാരത ചരിത്രം പഠിക്കുമ്പോൾ. ഒരുഭാഗത്ത് ദുരഭിമാനത്തിന്റെ പേരിൽ കൊല ചെയ്യപ്പെടുന്നവർ, ഇതിനു പലപ്പോഴും കൂട്ടു നിൽക്കുന്ന നിയമ സംവിധാനം, മറ്റൊരു ഭാഗത്ത് കഴിക്കുന്ന ഭക്ഷണത്തിന്റെയും കേവലം സംശയത്തിന്റെയും അഭ്യൂഹങ്ങളുടെയും പേരിൽ ജനക്കൂട്ടം ജീവനെടുക്കുന്നവർ; ഭിന്നാഭിപ്രായങ്ങൾക്കോ എതിർപ്പുകൾക്കോ ഇടമില്ലാത്ത സമൂഹം. അതാണ് ഇന്നത്തെ ഭാരതം.

# വിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ

**ഇ.ജെ. തിരുവല്ല**

"അവന്റെമേൽ യഹോവയുടെ ആത്മാവ് വന്നു. അവൻ യിസ്രായേലിനു ന്യായാധിപനായി യുദ്ധത്തിനു പുറപ്പെട്ടാറെ യഹോവ മെസൊപ്പൊത്തോമ്യയിലെ രാജാവായ കൂശൻരിശാഥയീമിനെ അവന്റെ കയ്യിൽ ഏല്പിച്ചു. അവൻ കൂശൻരിശാഥയീമിനെ ജയിച്ചു. ദേശത്തു നാല്പതു സംവത്സരം സ്വസ്ഥത ഉണ്ടായി" (ന്യായാധിപന്മാർ 3:10,11).

യഹോവയായ ദൈവം യിസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള അത്ഭുതങ്ങളെ അറിയാത്ത പുതിയ തലമുറ യിസ്രായേലിൽ ഉണ്ടായി. അവർ ജീവനുള്ള ദൈവത്തെ ലക്ഷ്യമാക്കാതെ അന്യദൈവങ്ങൾക്ക് വശംവദരായി ബാൽവിഗ്രഹങ്ങളെയും അസ്തരൊത്ത് പ്രതിഷ്ഠകളെയും സേവിച്ചു. തന്നിമിത്തം ദൈവം അവരെ എതിരാളികൾക്ക് ഏല്പിച്ചു. എന്നാൽ ജനം ദൈവത്തോട് നിലവിളിച്ചപ്പോൾ കാലാകാലങ്ങളിലായി ദൈവം അവരെ ശത്രുക്കളിൽ നിന്ന് രക്ഷിപ്പാൻ ന്യായാധിപന്മാരെ എഴുന്നേല്പിക്കുകയും ചെയ്തു.

ഈ ന്യായാധിപരിലേക്ക് യഥാസമയം ദൈവാത്മാവ് ഇറങ്ങി വന്നിരുന്നു. അപ്പോൾ അവർ അമാനുഷികരായി പ്രവർത്തിച്ച് ശത്രുവിനെ, സൈന്യത്തെ, പ്രതിബന്ധത്തെ തകർക്കുകയും ജയിക്കുകയും ചെയ്തു. യിസ്രായേലിൽ സ്വസ്ഥത കൈവന്നു. ഇവരിൽ ശിംശോൻ, ഗിദയോൻ, യിപ്താഹ് തുടങ്ങിയവർ അസാധാരണ ചരിത്രപുരുഷന്മാരാണ്. യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായിരുന്ന ദാവീദ് ഇടയബാലൻ ആയിരിക്കുമ്പോൾ ആത്മചോദനയാൽ കാട്ടുമൃഗങ്ങളുടെ മേലും യിസ്രായേൽ സൈന്യം തന്നെ ഭയപ്പെട്ട ഗോല്യാത്ത് എന്ന മല്ലന്റെ മേലും ജയം നേടിയ വ്യക്തിയത്രേ.

ആത്മാവിനാൽ പ്രവചനം, ദർശനം, വീരകൃത്യങ്ങൾ ഒക്കെയും നടന്നിട്ടുണ്ട്. എന്നാൽ ത്രിത്വത്തിൽ മൂന്നാമനാം പരിശുദ്ധാത്മാവാം ദൈവത്തെ മുഴുവനായും ഉൾക്കൊള്ളാൻ ഒരു മനുഷ്യജീവിതത്തിനും കഴിയുന്നതല്ല. അതിനാലത്രേ ജലം, കാറ്റ്, എണ്ണ ഇത്യാദി അലങ്കാരങ്ങളാൽ പരിശുദ്ധാത്മാവിനെ വെളിവാക്കുന്നത്.

എന്നാൽ അതേസമയം ഉൾക്കൊള്ളുകയും വേണമല്ലോ. അങ്ങനെയെങ്കിൽ പാത്രത്തിന്റെ അനുസരിച്ച് വെള്ളം, എണ്ണ എന്നിവയാൽ നിമജ്ഞമാകാം. അതുപോലെ ദൈവത്തിന്റെ തോട്ടത്തിലെ വൃക്ഷമാകെ, ഒരു വിശ്വാസിയിലേക്ക് കഴിവനുസരിച്ച് കൃപയ്ക്കൊത്തവണ്ണം കാറ്റായും വീശുന്നു.

വൻമരങ്ങളിലേക്ക് ശക്തമായ കാറ്റും അല്ലാത്തവയിലേക്ക് അതാത് അളവിലും ദൈവാത്മാവ് വിതരണം ചെയ്യപ്പെടുന്നു. അഥവാ സാന്നിധ്യം നല്കുന്നു. ചിലരെ തൊടുന്നു, ചിലരെ ആശ്ലേഷിക്കുന്നു. ഏല്പിച്ചുകൊടുക്കുന്നതനുസരിച്ച് നിമജ്ഞനം ചെയ്യുന്നു, പ്രവൃത്തി ചെയ്യിക്കുന്നു.

വർഗീയ ജർമ്മനിയുടെ യുദ്ധഹസ്തങ്ങൾക്കു മുൻപിൽ ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന ബ്രിട്ടനും അതിന്റെ കൂട്ടാളികളും നാമാവശേഷമായി പോകാതിരിപ്പാൻ ടി.എൻ.ടി. എന്ന സ്ഫോടകവസ്തു നിർമ്മിയ്ക്കെ, അത് സുരക്ഷിതമായി മുന്നണിയിലെത്തിക്കാൻ ഹിമക്കട്ടകളെ ഉപയോഗിക്കാൻ ബുദ്ധിനൽകിയ പരിശുദ്ധാത്മാവ് ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വരങ്ങളാൽ തന്റെ അഭിഷിക്തരെ അമാനുഷികമായി പ്രവർത്തിപ്പിക്കുന്നു.

# ഡോ.സിന്നു സൂസൻ തോമസിന് പുരസ്കാരം

*ചാക്കോ കെ തോമസ്*

**ന്യൂഡൽഹി:** പെന്തെക്കോസ്ത് വിശ്വാസി ഡോ.സിന്നു സൂസൻ തോമസിനു ഗാന്ധിയൻ യുവ സാങ്കേതിക കണ്ടുപിടുത്തത്തിനുള്ള പുരസ്കാരം ലഭിച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദിൽ നിന്നും പുരസ്കാരം ഏറ്റ് വാങ്ങി. റോഡപകടങ്ങൾ വീഡിയോയിലൂടെ കണ്ട് ഗുണവിശേഷങ്ങൾ മനസിലാക്കാം എന്ന വിഷയത്തിനാണ് പുരസ്കാരം ലഭിച്ചത്.



ഐ.പി.സി പെരുമ്പാവൂർ സെന്റർ തൃക്കളത്തൂർ സഭാ വിശ്വാസിയും മൂവാറ്റുപുഴ തൃക്കളത്തൂർ നാരിയേലിൽ വീട്ടിൽ അനീഷ് എം. പോളിന്റെ ഭാര്യയാണ് സിന്നു. രാജസ്ഥാനിലെ കോട്ടയിൽ നിന്ന് B tech, സൂറത്ത്കൽ എൻ.ഐ.റ്റി യിൽ നിന്ന് M.tech നും ശേഷം കാൺപൂർ ഐ.ഐ.റ്റി യിൽ നിന്ന് PhD യും കരസ്ഥമാക്കി.

ഭർത്താവ് അനീഷ് എം.പോൾ എറണാകുളം ബി എസ് എൻ എൽ സബ്ഡിവിഷൻ എഞ്ചിനിയർ ആണ്. മൂവാറ്റുപുഴ, വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംങ്ങ് കോളേജിൽ അസോസിയേറ്റ് പ്രഫസർ ആയി ഡോ.സിന്നു പ്രവർത്തിക്കുന്നു. മക്കൾ. ജോനാഥാൻ, ജോവാൻ.

## യുഗവീക്ഷണം

# അങ്ങനെ ചക്കയ്ക്കും വന്നു ചേർന്നു, പണ്ടത്തേക്കാൾ നല്ല കാലം!



**സാം.ടി.മൈക്കിൾ, ഇളമ്പൽ**

ആർടോകാർപസ് ഹെട്രോഫൈലസ് (Artocarpus heterophyllus ) എന്ന നാമവും, ഏറ്റവും വലിയ പഴം എന്ന പെരുമയുമുള്ള ചക്ക സാധാരണയായി ഇന്ത്യ, ശ്രീലങ്ക ,ബംഗ്ലാദേശ് ,ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലാണ് സുലഭമായി വിളയുന്നത്. എന്നാൽ ചക്ക നമ്മുടെ നാട്ടിലെ വാർത്തകളിൽ പ്രത്യേക ഇടം നേടിയിട്ട് അധികം ദിനങ്ങളായിട്ടില്ല .

പോയ ദിനങ്ങളിൽ കേരളത്തിലെ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വേകാനുതകുന്ന നടപടിയായിരുന്നു, സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി ചക്കയെ തെരഞ്ഞെടുത്ത സർക്കാർ പ്രഖ്യാപനം. ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതോടെ കാർഷിക ഫല വിപണന രംഗത്ത് വലിയ മുന്നേറ്റമുണ്ടാകുമെന്നാണ് പൊതുവേയുള്ള അഭിപ്രായം..

കേരളത്തിലെ പഴയ തലമുറയുടെ ഭക്ഷണ രീതികളിൽ കാർഷിക ഫലധാന്യങ്ങളുടെ പങ്ക് വലിയതായിരുന്നു. ഇന്നത്തെപ്പോലെ കീടനാശിനികളുടെയോ, രാസവളത്തിന്റെയോ ഒന്നും മേമ്പൊടിയില്ലാതെ, തികച്ചും ജൈവ കൃഷിരീതികളിലൂടെ തനതായി വിളയിച്ചെടുത്ത കപ്പ, കാച്ചിൽ, ചേന, ചേമ്പ്, ചക്ക, പയർ വർഗ്ഗങ്ങൾ തുടങ്ങി ഈ പട്ടിക നീളുകയാണ്. പോരെങ്കിൽ ധാരാളം പ്ലാവും മാവുമൊക്കെ പറമ്പിലില്ലാത്തവരും വിരളമായിരുന്നു. സുലഭമായി ലഭിച്ചിരുന്ന ചക്ക മലയാളിയുടെ ഭക്ഷണ രീതികളിൽ അതുല്യ സ്ഥാനമലങ്കരിച്ചിരുന്നു.

എന്നാൽ തലമുറകൾ മാറിയപ്പോൾ, ഭക്ഷണക്രമത്തിനും മാറ്റം വന്നു. ഭക്ഷ്യസുരക്ഷ കനത്ത വെല്ലുവിളി നേരിടുന്ന ഒരു കാലമാണിതെന്നുകൂടി ഓർക്കണം .മായം ചേർത്ത ഭക്ഷണങ്ങളും, കീടനാശിനി തളിച്ച പച്ചക്കറികളും, ബഹുരാഷ്ട്ര കമ്പനികളുടെ ബ്രാൻഡഡ് ഭക്ഷണങ്ങളും, വഴിയോരങ്ങളിലെ അതിവേഗ ഭക്ഷണ ശാലകളിലെ രുചിക്കൂട്ടുകളും പരീക്ഷിച്ച് രോഗങ്ങളെ ക്ഷണിച്ചു വരുത്താൻ ആളുകൾ ഓടി നടക്കുന്നു .ഇതിനിടയിൽ നാടിന്റെ നന്മയും ഫലഭൂയിഷ്ടിയുമൊക്കെ മരീചികയായി മാറി .നാടിന്റെ നന്മയായ ചക്കയും കപ്പയുമൊക്കെ വിലക്കപ്പെട്ട കനിയായി മാറി പലർക്കും. ഒട്ടേറെയിടങ്ങളിൽ ചക്ക ആരും ഉപയോഗിക്കാതെ നശിച്ചു പോകുന്നതും കണ്ടവരുണ്ട്.

ഇതിനിടെ നാരുകൾ ധാരാളം അടങ്ങിയിട്ടുള്ള ചക്കയുടെ ഭക്ഷ്യ പ്രാധാന്യത്തെപ്പറ്റി ധാരാളം പഠനങ്ങളും, റിപ്പോർട്ടുകളും പുറത്തു വന്നത്. ഇന്നിപ്പോൾ സംസ്ഥാന സർക്കാർ ഔദ്യോഗികാംഗീകാരം കൂടി നൽകുന്നതോടെ ഈ ഫലത്തിന്റെ വിപണിമൂല്യം ഏറുകയാണ്. ചില നാളുകൾ ആർക്കും വേണ്ടാതെ പറമ്പുകളിലും, പുരയിടങ്ങളിലും കിടന്ന അവസ്ഥകൾ മാറുകയാണെന്നതല്ലേ സത്യം.

**വാൽക്കഷണം:**

സത്യ ദൈവത്തെ പിൻപറ്റുന്നവരുടെ മൂല്യം ഒരു പക്ഷേ ആർക്കും മനസ്സിലാകണമെന്നില്ല .സമൂഹത്തിൽ ചവിട്ടിമെതിക്കപ്പെടുകയോ, വില കുറച്ചു കാണുകയോ ഒക്കെ ചെയ്യപ്പെടുമ്പോൾ വിസ്മരിക്കപ്പെടേണ്ടാത്തതായ ഒരു വസ്തുതയുണ്ട്. എത്ര അവഗണിച്ചു തള്ളിയാലും,നമ്മിലെ മറച്ചു വക്കപ്പെട്ട മൂല്യങ്ങൾ മറ നീക്കി പുറത്തു വരിക തന്നെ ചെയ്യും. ദൈവ പൈതലിന്റെ മൂല്യം മനസ്സിലാക്കപ്പെടുന്ന ഒരു സുദിനം വരുന്നു എന്നുള്ളതാണ്. നന്ദിക്കാൻ നിൽക്കുന്നവരുടെ മുമ്പിൽ മാനിക്കപ്പെടുന്ന നാൾ. പണ്ടത്തേക്കാൾ ഒരു നല്ല കാലം!

# ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ

*(2-ാം പേജ് തുടർച്ച)*

കേരളാ സ്റ്റേറ്റ്മുൻ ട്രഷറർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിന്റെപുത്രനാണ്.

അമേരിക്കൻ മലയാളി പെന്തക്കോസ്ത്കോൺഫ്രൻസിന്റെ നാഷണൽ യൂത്ത്കോർഡിനേറ്ററായി സേവനം ചെയ്യുന്ന ഷോണിതോമസ്, ഭാരതത്തിൽ ആലപ്പുഴ സെന്റർ പി. വൈ. പി. എ. യുടെ പ്രവർത്തനങ്ങളിലും, ഡാളസ്പെന്തക്കോസ്ത് യുവജനസംഘടനയുടെ കോർഡിനേറ്റർ ആയും നേതൃത്വ രംഗത്ത് സജീവ പങ്കാളിയായിട്ടുണ്ട്. കംപ്യൂട്ടർ സയൻസിൽഎഞ്ചിനീയറിംഗ് ബിരുദദാരിയായ ഷോണി കേരളാ സ്റ്റേറ്റ് മുൻ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ മകനും, ഡാളസ് കാൽവറി ഐ. പി. സി.സഭാംഗവുമാണ്.

കൊട്ടാരക്കര മേഖല പി. വൈ. പി.എ. നേതൃത്വത്തിൽകൂടി നേതൃത്വനിരയിൽ വന്ന ട്രഷറർ ജെറി കല്ലൂർരാജൻ 16-ാം മത് വടക്കേ അമേരിക്കൻ പെന്തക്കോസ്തൽ കോൺഫ്രൻസിന്റെ നാഷണൽയൂത്ത് കോർഡിനേറ്റർ കൂടിയാണു. പി. വൈ. സി. ഡി കോർഡിനേറ്റർ ആയി സേവനം ചെയ്തിട്ടുള്ള ജെറി കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബിരുദദാരിയും, ഡാളസ്ഐ. പി. സി. ഏബൻഏസർ സഭാംഗവുമാണ്.

യുവജനങ്ങളിൽ ആത്മീക ഉത്തേജനം പകരുന്നതിനും,അവരെ മുഖ്യധാരയിൽ കൊണ്ടുവന്നു കർമ്മോത്സുകരാക്കുന്നതിനും ഉതകുന്ന വിവിധപരിപാടികൾക്ക് തുടക്കം കുറിക്കുമെന്ന് പുതിയഭരണസമിതി അറിയിച്ചു.

**വീട് വാടകയ്ക്ക്**

തിരുവല്ല കറ്റോടിനു സമീപം വീടുകൾ വാടകയ്ക്ക് ആവശ്യമുള്ളവർ ബന്ധപ്പെടുക. കോളജ്, സ്കൂൾ, ബാങ്ക് ജോലിക്കാർക്ക് മുൻഗണന കൂടുതൽ വിവരങ്ങൾക്ക്: 9539881091, 8281044437

**വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ**

**പാസ്റ്റർ ടി.എം.മാമ്മച്ചൻ**

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ**

**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**

**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

Mob: 9747994276

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**



**Visit / Tourist Visas to:**

**OMAN, UAE, SAUDI**
**QATAR, BAHRAIN**

**Tour Packages, Hotel Bookings, Air Tickets...**

crystal
Travel & Tourism
**Kumbanad, Thiruvalla**
**Tel : 9447168080, 0469 2668485**
**Email : crystaltrips@gmail.com**

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05 - 04 - 2018

2018 APRIL
YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-04-2018
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18

# യുഗാന്ത്യസന്ദേശം മെഗാ ബൈബിൾ ക്വിസ് അവാർഡ് ദാന സമ്മേളന ദൃശ്യങ്ങൾ


റവ. സി.സി. തോമസ്


ഡോ. സണ്ണി ആൻഡ്രൂസ്


ഡോ. ഷിബു കെ. മാത്യു


പാസ്റ്റർ ഷൈജു തോമസ്


ബ്രദർ മാത്യൂസ് ഏബ്രഹാം


പാസ്റ്റർ രാജു ജോസഫ്


സിസ്റ്റർ സൂസൻ ആൻഡ്രൂസ്


അവാർഡ് വിതരണം

## പി.സി.എൻ.എ.കെ പ്രമോഷണൽ യോഗം ബോസ്റ്റണിൽ നടന്നു

*നിബു വെള്ളവന്താനം*

**ന്യൂയോർക്ക്:** വിദേശരാജ്യങ്ങളിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് മഹാസമ്മേളനത്തിന് ആതിഥ്യം വഹിക്കുന്ന ബോസ്റ്റൺ പട്ടണത്തിൽ പി.സി.എൻ.എ.കെ പ്രമോഷണൽ യോഗവും ആത്മീയ ഗാന ശുശ്രൂഷയും മാർച്ച് 24ന് ശനിയാഴ്ച വൈകിട്ട് 5 ന് വെല്ലസ്ളി റോഡിലുള്ള ബോസ്റ്റൺ ക്രിസ്ത്യൻ അസംബ്ലി സഭാ ഹാളിൽ നടന്നു. കോൺഫ്രൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി വെസ്ളി മാത്യു, നാഷണൽ ട്രഷറാർ ബാബുക്കുട്ടി ജോർജ്, നാഷണൽ യൂത്ത് കോർഡിനേറ്റർ ഷോണി തോമസ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേൽ തുടങ്ങിയവർ സമ്മേളനത്തിൽ സംബദ്ധിക്കുകയും കോൺഫ്രൻസിന്റെ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിക്കുകയും ചെയ്തു.

കോൺഫ്രൻസ് കോർഡിനേറ്റർ ഡോ. തോമസ് ഇടിക്കുള, ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജോൺസൺ സാമുവേൽ, ലോക്കൽ സെക്രട്ടറി ജെയിംസ് ജോർജ്, ലോക്കൽ ട്രഷറാർ ഡാനിയേൽ കുഞ്ഞ്കുഞ്ഞ്, ബോബിൻ ചെറിയകളത്ത്, റോബിൻ ജോൺ, ഡോ. ഷിബു പൗലോസ് തുടങ്ങിയവർ നേതൃത്വം നൽകി. ഗാന ശുശ്രൂഷകൾക്ക് ന്യൂ ഇംഗ്ലണ്ട് ഏഷ്യൻ ഇന്ത്യൻ ക്രിസ്ത്യൻസ് കയർ നേതൃത്വം നൽകി.

ബോസ്റ്റൺ ടീമിന്റെ ചുമതലയിൽ 'എൻകൗണ്ടർ' ലൈവ് ഷോ നടന്നു. അനുഗ്രഹീത പ്രഭാഷകനും പി.സി.എൻ.എ.കെ കോൺഫ്രൻസിന്റെ മുഖ്യ അതിഥി പ്രാസംഗികനുമായ സുവിശേഷകൻ സാജു മാത്യു സമ്മേളനത്തിൽ പങ്കെടുത്തു.

എല്ലാ ഞായറാഴ്ചയും വൈകിട്ട് 9ന് നടക്കുന്ന പ്രയർ ലൈനിൽ പ്രവേശിക്കുന്നവർക്ക് വിവിധ വിഷയങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും അനുഗ്രഹീത മെസേജുകൾ കേൾക്കുവാനും അവസരം ഉണ്ടായിരിക്കുന്നതാണെന്ന് പ്രയർ കോർഡിനേറ്റർ പാസ്റ്റർ റജി സാമുവേൽ അറിയിച്ചു.

ബോസ്റ്റൺ സ്പ്രിങ്ങ് ഫീൽഡിലുള്ള പ്രസിദ്ധമായ മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിലാണ് 36 മത് പി.സി.എൻ.എ.കെ സമ്മേളനം നടത്തപ്പെടുന്നത്. വിസ്തൃതമായ പ്രോഗ്രാമുകൾ, മികച്ച താമസഭക്ഷണ യാത്ര സൗകര്യങ്ങൾ തുടങ്ങിയവ മഹായോഗത്തോട് അനുബന്ധിച്ച്, കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ ലോക്കൽ കമ്മറ്റികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി നാഷണൽ സെക്രട്ടറി വെസ്ളി മാത്യു അറിയിച്ചു. നോർത്ത് അമേരിക്കയിലും കാനഡയിലുമായി ചിതറി പാർക്കുന്ന പെന്തക്കോസ്തുകാരായ ദൈവജനത്തിന്റെ കൂട്ടായ്മയായ പി.സി.എൻ.എ.കെ. കേരളത്തിനു പുറത്ത്, വിദേശരാജ്യങ്ങളിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സംഗമമാണ്. സമ്മേളനം അനുഗ്രഹകരമായിത്തീരാനും വിശ്വാസികൾ പങ്കെടുക്കുവാനും, പ്രാർത്ഥിക്കുവാനും ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു.

ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുകയും സ്പോൺസർഷിപ്പ് പാക്കേജുകൾ മുൻകൂട്ടി റിസർവ്വ് ചെയ്ത് ഏവരും സഹകരിക്കണമെന്ന് മീഡിയ കോർഡിനേറ്റർ നിബു വെള്ളവന്താനം അഭ്യർത്ഥിച്ചു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും www.pcnak2018.org

## ഓമൻ പെന്തക്കോസ്തൽ അസംബ്ലീക്ക് (OPA) പുതിയ നേതൃത്വം


പാ. കെ.എ. ജോൺ
(പ്രസിഡന്റ്)


ജോർജ്കെ. ശാമുവേൽ
(സെക്രട്ടറി)


സണ്ണി പി. തോമസ്
(ജോ. സെക്രട്ടറി)


വി.വി. വിൽസൺ
(ട്രഷറാർ)



ഏബ്രഹാം പി.ജെ.
(ജോ. ട്രഷറാർ)


അലക്സ് കെ. ജോർജ്


ജേക്കബ് മാത്യു



അനു ജേക്കബ്


ഫെയ്ത്ത് ഏബ്രഹാം


ജെയിംസ് കെ. ഏബ്രഹാം


മോൻസി മാമ്മൻ


അലക്സാണ്ടർ പി.എസ്.
(ഓഡിറ്റർ)


ഷിജു ചാക്കോ
(ഓഡിറ്റർ)

**E-mail Us : ysandhesham@ saintly.com**
**Call Us : 9446532838, 9447313709**
**വാർഷിക വരിസംഖ്യ ഇന്ത്യയിൽ : 100 രൂപ, വിദേശത്തേയ്ക്ക് : 50$**

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.